പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 31 — 28.06.2011 ൽ മറുപടിയ്ക്ക്

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. എസ്. ശർമ്മ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കുമോ ; | എ. അതിരപ്പിള്ളി ജല വൈദ്യുത പദ്ധതി സമവായത്തിലൂടെയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടുകൂടിയും ജനങ്ങളുടെ എതിർപ്പുകൾ പരമാവധി പരിഹരിച്ചും നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| ബി. കേന്ദ്രസർക്കാർ ഏതെല്ലാം ഘട്ടങ്ങളിൽ ഈ പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകിയിട്ടുണ്ടായിരുന്നു ; ഈ പദ്ധതിക്കെതിരെ ഹൈക്കോടതിയെ സമീപിച്ചത് ആരായിരുന്നു എന്നും അതിനെതിരെ കോടതിയിൽ സർക്കാർ എടുത്ത നിലപാട് എന്തായിരുന്നു എന്നും വ്യക്തമാക്കുമോ ; | ബി. കേന്ദ്രപരിസ്ഥിതി മന്ത്രാലയം 1998, 2005, 2007 എന്നീ വർഷങ്ങളിൽ ഈ പദ്ധതിക്ക് പാരിസ്ഥിതിക അനുമതി നല്കിയിട്ടുണ്ടായിരുന്നു.<br>ചാലക്കുടിപ്പുഴ സംരക്ഷണസമിതി എന്ന സംഘടനയും, ശ്രീമതി. ഗീത, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീ. പുഷ്പാംഗദൻ, ശ്രീ. മധുസൂദനൻ എന്നീ വ്യക്തികളുമാണ് ഈ പദ്ധതി നടപ്പാക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചത്. ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന നിലപാടാണ് സർക്കാർ ഹൈക്കോടതി മുമ്പാകെ സ്വീകരിച്ചത്. |
| സി. ഈ പദ്ധതിയെക്കുറിച്ച് വീണ്ടും പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; പഠനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ ; | സി. ഉണ്ട്. ഈപദ്ധതി നടപ്പാക്കുമ്പോഴുള്ള ജൈവവൈവിധ്യ ആഘാതത്തെപ്പറ്റി പഠിക്കാൻ കേന്ദ്ര സർക്കാർ വെസ്റ്റേൺ ഗാട്ട്സ് ഇക്കോളജിക്കൽ എക്സ്പേർട്ട് പാനൽ (WGEEP) ന് നിർദ്ദേശം നല്കുകയുണ്ടായി. ഈ പാനലിലെ |

| | |
|---|---|
| | വിദഗ്ധസംഘം 2011 ജനുവരി മാസത്തിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയുണ്ടായി. റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല. |
| ഡി. കേന്ദ്ര സർക്കാർ നിയോഗിച്ച കമ്മിറ്റി പഠനം നടത്തിക്കൊണ്ടിരിക്കെ ഈ പദ്ധതി ആവശ്യമില്ലെന്ന നിലയിൽ രണ്ട് കേന്ദ്രമന്ത്രിമാർ പരസ്യപ്രസ്താവന നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഡി. ബഹു: കേന്ദ്രപരിസ്ഥിതി മന്ത്രി ശ്രീ. ജയറാം രമേഷ് പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *32      28-06-2011 ൽ മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.എം.ആരിഫ്:** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി** |
| **ശ്രീ. പി.കെ.ഗുരുദാസൻ** | **(വ്യവസായവും വിവരസാങ്കേതികവും** |
| **ശ്രീ. ബാബു എം.പാലിശ്ശേരി** | **നഗരകാര്യവും വകുപ്പ് മന്ത്രി)** |
| **ശ്രീ. കെ.ദാസൻ** | |

| | |
|---|---|
| (എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടം സംബന്ധിച്ച് സർക്കാർ പരിശോധന നടത്താറുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ പൊതുമേഖലാ കമ്പനികൾ പ്രവർത്തനലാഭം ഉണ്ടാക്കിയതും നഷ്ടമുണ്ടാക്കിയവയും2005-06 മുതൽ 2010- 11 വരെ എത്രയാണ്; വർഷം തിരിച്ച കണക്ക് വ്യക്തമാക്കാമോ; | (ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2005-06 മുതൽ 2009-10 വരെയുള്ള കാലഘട്ടത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന് വേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ക്രോഡീകരിച്ച റിപ്പോർട്ടുകളുടെയും 2010-11 സാമ്പത്തിക വർഷത്തിൽ റിയാബിന് പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിച്ച റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ലാഭത്തിലും നഷ്ടത്തിലും ഉള്ള സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-ഒന്നിൽ ചേർത്തിരിക്കുന്നു.<br>ഇവയിൽ ഒൻപത് സ്ഥാപനങ്ങൾ ഭൂമി കൈമാറ്റം |

| | |
|---|---|
| | ചെയ്ത വകയിൽ ലഭിച്ച തുകയും, ഏട്ട് സ്ഥാപനങ്ങളുടെ വായ്പ ഓഹരിയായി മാറ്റിയതുമൂലവും, എട്ട് സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകിയതുമൂലവുമാണ് പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളത്. കൂടാതെ ആറ് സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പയുടെ പലിശ എഴുതിത്തള്ളുകയും പതിമൂന്ന് സ്ഥാപനങ്ങൾക്ക് KIRF ലോൺ തിരിച്ചടയ്ക്കുവാൻ സർക്കാർ സഹായം നൽകിയതുമൂലവും ചില സ്ഥാപനങ്ങളെ ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി സർക്കാരിലേക്കുള്ള വിൽപ്പന നികുതിയുടെ ബാധ്യത ഇളവുചെയ്തു നൽകിയതു കൊണ്ടുമാണ് ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളത്. ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു |
| (സി) 2005 -06 മുതൽ ഓരോ വർഷത്തേയും മൊത്തം ലാഭം എത്രയാണെന്ന് വ്യക്തമാക്കാമോ? | സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2005-06 മുതൽ 2009-10 വരെയുള്ള കാലഘട്ടത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന് വേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ക്രോഡീകരിച്ച റിപ്പോർട്ടുകളുടെയും 2010-11 സാമ്പത്തിക വർഷത്തിൽ റിയാബിന് പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ മൊത്തം ലാഭവും നഷ്ടവും സംബന്ധിച്ച വിവരം അനുബന്ധം-മൂന്നിൽ ചേർത്തിരിക്കുന്നു.<br>അതതു വർഷങ്ങളിൽ ലാഭം കാണിച്ചിട്ടുള്ള പല സ്ഥാപനങ്ങളിലും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് |

| | |
|---|---|
| | പൂർത്തിയായിട്ടില്ല. പല സ്ഥാപനങ്ങളും സഞ്ചിത നഷ്ടം ഉള്ളതുമാണ്. ചില സ്ഥാപനങ്ങൾ നിയമാനുസൃതമായി കൊടുത്തു തീർക്കേണ്ട ഇ.പി.എഫ്, ഇ.എസ്.ഐ, സെയിൽസ് ടാക്സ് എന്നിവയും, വൈദ്യുതിചാർജ്ജ്, സർക്കാരിലേക്കും ധനകാര്യ സ്ഥാപനങ്ങളിലേക്കും നൽകേണ്ട വായ്പാ കുടിശിക, ഗ്യാരന്റി കമ്മിഷൻ എന്നിവയും നൽകാത്തവയുമാണ്.<br>ചില വർഷങ്ങളിൽ ലാഭം കൂടിയതിനുള്ള മുഖ്യമായ കാരണം കമ്പോളത്തിൽ ചില ഉല്പന്നങ്ങൾക്ക് ക്രമാതീതമായ വില വർദ്ധനവ് ലഭിച്ചതിനാലാണ്.<br>സർക്കാർ സഹായങ്ങളുടെ പ്രതിഫലനം കമ്പനികൾ ഉണ്ടാക്കിയ ലാഭത്തിൽ നിന്ന് മാറ്റിയാൽ മാത്രമേ സ്ഥാപനങ്ങളുടെ മത്സര ശേഷിയും കഴിവും ഉപയോഗിച്ചുണ്ടാക്കിയ പ്രവർത്തന ലാഭം തിട്ടപ്പെടുത്തുവാൻ കഴിയൂ. ഇതിന് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് കൂടി പൂർത്തിയാകേണ്ടിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *33 28-06-2011 ൽ മറുപടിക്ക്

കരിങ്കൽ ക്വാറികളിൽ സുരക്ഷാ ക്രമീകരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ എം.എൽ.എ<br>ശ്രീ.എ.എ.അസീസ്, എം.എൽ.എ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാത്ത എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് റവന്യൂ പുറമ്പോക്കിൽ അനധികൃതമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട ക്വാറികളുടെയും സ്വകാര്യ ഭൂമിയിൽ അനധികൃതമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട ക്വാറികളുടെയും ജില്ല തിരിച്ച് ലഭ്യമായ വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. ഈ ക്വാറികളിൽ ഭൂരിഭാഗവും നിർത്തിൽ ചെയ്യുകയും അവയുടെ ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) അംഗീകാരമില്ലാത്ത ക്വാറികൾ അടച്ച് പൂട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | (ബി) അംഗീകാരമില്ലാത്തതായി ശ്രദ്ധയിപ്പെട്ട ക്വാറികൾ അടച്ചു പൂട്ടുന്നതിനുവേണ്ടി ക്വാറി ഉടമകൾക്ക് നോട്ടീസയച്ച് ക്വാറി നിർത്തിവെയ്ക്കൻ ഉത്തരവ് നൽകി. എന്നിട്ടും പ്രവർത്തനം നിർത്താതെ വന്ന ക്വാറികൾ പോലീസ് സഹായത്തോടെ നിർത്തിവെയ്പിച്ചു. റവന്യൂ പുറമ്പോക്കിൽ അനധികൃതമായി |

| | |
|---|---|
| | പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. അനധികൃതമായി കണ്ടെത്തിയ ക്വാറികളുടെ ഉടമകളിൽ നിന്നും നിയമാനുസൃതമായ റോയൽറ്റിയും പിഴ സംഖ്യയും ഈടാക്കുവാൻ നടപടി സ്വീകരിച്ചു. |
| (സി) ക്വാറികളിൽ നിരന്തരമായുണ്ടാകുന്ന അപകടങ്ങൾ പരിഗണിച്ച് സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ക്വാറികളിലെ സുരക്ഷ സംബന്ധിച്ച് പഠിക്കുവാൻ 2008 ൽ സർക്കാർ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ ശുപാർശകൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ജില്ല | നിർത്തലാക്കിയ ക്വാറികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 10 |
| കൊല്ലം | ഇല്ല |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | 10 |
| പത്തനംതിട്ട | 5 |
| എറണാകുളം | ഇല്ല |
| ഇടുക്കി | ഇല്ല |
| തൃശൂർ | ഇല്ല |
| മലപ്പുറം | ഇല്ല |
| പാലക്കാട് | 24 |
| കോഴിക്കോട് | ഇല്ല |
| കണ്ണൂർ | ഇല്ല |
| വയനാട് | ഇല്ല |
| കാസറഗോഡ് | ഇല്ല |

S.O

## അനുബന്ധം - 2

1. ക്വാറി പ്രവർത്തനം തുടങ്ങുന്നതിന് മുമ്പ് മേൽഭാഗത്തുള്ള മണ്ണും മട്ടിക്കല്ലും നീക്കം ചെയ്യുക.
2. ഇപ്രകാരം നീക്കം ചെയ്യുന്ന മണ്ണും മട്ടിക്കല്ലും ഖനന സ്ഥലത്തു നിന്നും വളരെയകലെ സുരക്ഷിതമായ ഭാഗത്ത് ശേഖരിക്കുക.
3. ക്വാറിയിൽ നിന്നും കല്ലിന്റെ ചീളുകൾ തെറിച്ച് വീണ് അപകടം ഉണ്ടാകാതിരിക്കാനായി വൃക്ഷങ്ങൾ വെച്ചുപ്പിടിപ്പിച്ച് ഗ്രീൻബെൽറ്റ് ഉണ്ടാക്കുക.
4. ശരിയായ സ്ലോപ്പോടെയും ബെഞ്ചുകൾ സ്ഥാപിച്ചും മാത്രം ഖനനം നടത്തുക.
5. ഖനനാനുമതിയുള്ള സ്ഥലത്തിനു ചുറ്റും വേലിയോ ചുറ്റുമതിലോ കെട്ടുക.
6. ക്വാറിയിൽ നിന്നും 100 മീറ്റർ അകലെ ക്വാറിയിലേയ്ക്കുള്ള റോഡിൽ ക്വാറിയെ സംബന്ധിച്ച സൈൻ ബോർഡ് സ്ഥാപിക്കുക.
7. ക്വാറി പ്ലാനും എൻവയോൺമെന്റൽ മാനേജ്മെന്റ് പ്ലാനും നിർബന്ധമാക്കുക
8. ക്വാറിയുടെ 300 മീറ്റർ ചുറ്റളവിൽ പുതിയ കെട്ടിട നിർമ്മാണം അനുവദിക്കുന്നതിന് മുമ്പായി കെട്ടിടം പണിയാനുദ്ദേശിക്കുന്ന വ്യക്തിയിൽ നിന്നും ടി വ്യക്തിക്ക് സമ്മതമാണെന്ന സമ്മതപത്രം ഗ്രാമപഞ്ചായത്ത് അധികൃതർ ലഭ്യമാക്കണമെന്ന ഭേദഗതി പഞ്ചായത്ത് ആക്ടിൽ വരുത്തുക.
9. ഒരു പ്രദേശത്തെ ചെറിയ ക്വാറികൾ ഒരുമിച്ചുചേർത്ത് ക്വാറിസോൺ ഉണ്ടാക്കുക.
10. ഖനന ശേഷം രൂപപ്പെടുന്ന കുഴികൾ മണ്ണിട്ട് നികത്തുകയോ കുഴിക്കു ചുറ്റും സംരക്ഷണ ഭിത്തികൾ നിർമ്മിച്ച് മഴവെള്ളം സംഭരിക്കുകയോ ചെയ്യുക.
11. ബ്ലാസ്റ്റിങ്ങിനു മുമ്പ് സൈറണും റെഡ് സിഗ്നലുകളും നിർബന്ധമാക്കുക.
12. ക്വാറി തൊഴിലാളികൾക്ക് ഡസ്റ്റ് മാസ്ക്, ഗ്ലാസ്, ഇയർഫ്ളക്സ്, ഹെൽമറ്റ്, ഷൂസ് എന്നിവ നിർബന്ധമാക്കുക.
13. ക്വാറികളിൽ ഫസ്റ്റ് എയ്ഡ് സംവിധാനം നിർബന്ധമാക്കുക.
14. തൊഴിലാളികൾക്ക് ഹെൽത്ത് ഇൻഷുറൻസ്, അപകട ഇൻഷുറൻസ് എന്നിവ ഏർപ്പെടുത്തുക.
15. 1952 ലെ മൈൻസ് ആക്ടിലെ വ്യവസ്ഥകൾ പാലിച്ച് മാത്രം ഖനനം നടത്തുക.

SO

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34 | | 28.06.2011 -ൽ മറുപടിയ്ക്ക് |
|---|---|---|
| വിധവകളുടെ സന്താനങ്ങൾക്ക് വിദ്യാഭ്യാസ സഹായപദ്ധതി | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. സി.കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ് | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി) |
| (എ) | വിദ്യാർത്ഥികളുടെ ക്ഷേമം ലക്ഷ്യമിട്ട് ഏതെങ്കിലും പദ്ധതികൾ സാമൂഹ്യക്ഷേമവകുപ്പ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതാ ഗൃഹനാഥകളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതിക്ക് സ.ഉ (സാധാ)നം.04/2010/ സാ.ക്ഷ.വ തീയതി: 04.01.2010 പ്രകാരം 2009-10 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ സാമൂഹ്യക്ഷേമ വകുപ്പ് വഴി തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു സമഗ്ര സാമൂഹ്യ പദ്ധതി തയ്യാറാക്കുമോ; | (ബി) സ.ഉ (സാധാ) നം. 04.2010.സ.ക്ഷേ.വ തീയതി 04/01/2010 പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. നിലവിൽ സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിന്നോക്ക/ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നുണ്ട്. |

| | | |
|---|---|---|
| (സി) | വിധവകളുടെ സന്താനങ്ങളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു സഹായപദ്ധതി തയ്യാറാക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പ് മുൻകൈയെടുക്കുമോ? | (സി)ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന (ബി.പി.എൽ) വിഭാഗത്തിൽപ്പെട്ട വിധവകളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 35 | 28.06.2011-ൽ മറുപടിക്ക്

## പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ 2010-11 സാമ്പത്തിക വർഷം പുതുതായി ആരംഭിക്കാൻ തീരുമാനിച്ച പൊതുമേഖലാ യൂണിറ്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) 2010-11 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പുതുതായി ആരംഭിക്കാൻ തീരുമാനിച്ച യൂണിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| Sl. No. | |
|---|---|
| 1 | Komalapuram Spinning and Weaving Mills, Alappuzha – KSTC |
| 2 | Hi tech Spinning Mill, Uduma, Kasargode - KSTC |
| 3 | LCD Meter Unit, Palakkad – UEI |
| 4 | Tool room cum Training Centre, Kozhikode - Kerala SIDCO. |
| 5 | Tool room cum Training Centre, Kuttippuram – KSEDC |
| 6 | House Wiring cable Unit, Kannur – TRACO |
| 7 | Machining Unit, Shornur – SIFL |
| 8 | Hi-Tech Bamboo Tile Factory, Kozhikode - KSBC |
| 9 | Container Freight Station, Ernakulam – KSIE |

| | |
|---|---|
| ആരംഭിച്ചു എന്നറിയിക്കുമോ;<br><br>(സി) പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ? | പൂർണ്ണതോതിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഇവയുടെ പൂർണ്ണ രീതിയിലുള്ള പ്രവർത്തനത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36 | | 28.06.2011ൽ മറുപടിയ്ക്ക് |
|---|---|---|
| **വനിതാ കമ്മീഷന്റെ പ്രവർത്തനം** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീമതി. കെ.എസ്. സലീഖ**<br>**ശ്രീ. സുരേഷ് കുറുപ്പ്**<br>**ശ്രീമതി. കെ.കെ.ലതിക**<br>**ശ്രീമതി. പി.അയിഷാ പോറ്റി** | | **ഡോ. എം.കെ. മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) | സ്ത്രീ പദവി ഉയർത്തുന്നതിനും സ്ത്രീ ശാക്തീകരണത്തിനും കേരള വനിതാ കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) പരിശോധിക്കാവുന്നതാണ്. |

| | | |
|---|---|---|
| (സി) | ബലാത്സംഗത്തിനോ മറ്റ് നിലയിലുള്ള പീഡനങ്ങൾക്കോ ഇരയായതിന്റെ പേരിൽ സ്വന്തം വീട്ടിൽ നിന്ന് പുറത്താക്കപ്പെടുന്നവർക്ക് അഭയം നൽകാനുള്ള പുതിയ പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ? | (സി) ബലാൽസംഗത്തിനോ മറ്റു അതിക്രമങ്ങൾക്കും വിധേയരായി വീട്ടിൽ നിന്നും പുറത്താക്കപ്പെടുന്ന സ്ത്രീകളെ താൽകാലികമായി താമസിപ്പിക്കുന്നതിനായി വനിതാ കമ്മീഷന്റെ കീഴിൽ ഒരു താൽകാലിക വസതി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ബലാത്സംഗത്തിന് ഇരയായവർക്ക് നിയമസഹായം നൽകുന്നതിനും, അവരെ പുനരധിവസിപ്പിക്കുന്നതിനും കേരള വനിതാ കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 37 28.06.2011-ൽ മറുപടിയ്ക്ക്

## പ്രസരണ വിതരണ നഷ്ടം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. വി രാജേഷ്:<br>ശ്രീ. എസ്. ശർമ്മ:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പ്രസരണ വിതരണ നഷ്ടം കുറച്ചു കൊണ്ടു വരാൻ വൈദ്യുതി ബോർഡ് പുതുതായി സ്വീകരിക്കാൻ പോകുന്ന നടപടികൾ വിശദമാക്കുമോ ; | (എ) പ്രസരണ വിതരണ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനായി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഈ സാമ്പത്തിക വർഷം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 48 പുതിയ സബ്സ്റ്റേഷനുകളും, 2012-13 സാമ്പത്തിക വർഷം 54 പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ വിതരണ രംഗത്ത് എച്ച്.റ്റി:എൽ.റ്റി അനുപാതം മെച്ചപ്പെടുത്താനും കൂടുതൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും ശേഷികുറഞ്ഞ ലൈനുകൾ മാറ്റി സ്ഥാപിക്കാനും ലക്ഷ്യം വയ്ക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) കഴിഞ്ഞ സാമ്പത്തിക വർഷം കണക്കാക്കിയിട്ടുള്ള പ്രസരണ വിതരണ നഷ്ടം എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ; ഇതിൽ പ്രസരണ നഷ്ടവും വിതരണ നഷ്ടവും എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ ; | (ബി) 2009-10 സാമ്പത്തിക വർഷത്തിലെ ശരാശരി പ്രസരണ വിതരണ നഷ്ടം 17.71% ആണ്. ആകെ വൈദ്യുത ലഭ്യതയിൽ പ്രസരണ നഷ്ടം 5%വും വിതരണ നഷ്ടം 12.71%വും വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

(സി) ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യയിലെ ശരാശരി പ്രസരണ വിതരണ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം 2008-09 കാലയളവിലെ ഇന്ത്യയിലെ ശരാശരി വിതരണ-വാണിജ്യ നഷ്ടം 28.44 ശതമാനമാണ്. ഇന്ത്യയിലെ ഭൂരിപക്ഷം വൈദ്യുതി ബോർഡുകളും വിഭജിക്കപ്പെട്ടതിനെ തുടർന്ന് അഖിലേന്ത്യാ തലത്തിൽ വിതരണ-വാണിജ്യ നഷ്ടമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടുവരുന്നത്. വിതരണ നഷ്ടത്തിന് പുറമേ പ്രസരണ നഷ്ടം ശരാശരി 5 ശതമാനം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കഴിഞ്ഞ പത്തു വർഷത്തിനിടെ കേരളത്തിൽ പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടു വന്നത് വഴി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര യൂണിറ്റ് വൈദ്യുതി ലാഭിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) 2001-02 കാലയളവിലെ കെ. എസ്. ഇ. ബോർഡിന്റെ പ്രസരണ വിതരണ നഷ്ടം 30.76 ശതമാനം ആയിരുന്നു. 2009-10 കാലയളവിലെ പ്രസ്തുത നഷ്ടം 17.71 ശതമാനമാണ്. ഈ കുറവ് മൂലം വൈദ്യുതി വാങ്ങലിൽ 3199.92 മില്ല്യൺ യൂണിറ്റിന്റെ ലാഭമുണ്ടാകും.

(ഇ) ഇതുവഴി വൈദ്യുതി വാങ്ങലിൽ ഈ സാമ്പത്തിക വർഷം എന്തു തുകയുടെ കുറവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഇ) ഉപഭോഗവർദ്ധനവുമൂലം വൈദ്യുതി വാങ്ങലിൽ കാര്യമായ കുറവ് പ്രതീക്ഷിക്കുന്നില്ല.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 38 :** **28/06/2011-ൽ മറുപടിക്ക്**

**പൊതുമേഖലാ വ്യവസായ നയം**

**ചോദ്യം** **ഉത്തരം**

**ശ്രീ. എളമരം കരീം :**
**ശ്രീ. പുരുഷൻ കടലുണ്ടി :**
**ശ്രീ. കെ. വി. വിജയദാസ് :**
**ശ്രീ. സി. കൃഷ്ണൻ :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പൊതുമേഖലാ വ്യവസായങ്ങൾ സംബന്ധിച്ച ഇപ്പോഴത്തെ നയം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പുതിയ വ്യവസായ നയം സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്നതാണ്. |
| (ബി) | ഏതെങ്കിലും സ്ഥാപനത്തിന്റെ ഓഹരികൾ വിൽക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഇല്ല. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ വ്യവസായ വികസനത്തിന് പദ്ധതിയുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) | ഇതിനായി ഏതെല്ലാം നിലയിൽ ഫണ്ടുകൾ കണ്ടെത്താനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി) | ബഡ്ജറ്റിൽ തുക വകയിരുത്തിയും കേന്ദ്ര സർക്കാരിന്റെയും കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹായം സ്വീകരിച്ചും കമ്പനികളുടെ ലാഭം പ്രയോജനപ്പെടുത്തിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം തേടിയുമാണ് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.39

28.06.2011ൽ മറുപടിയ്ക്ക്

അവശ ജനങ്ങളുടെ പുനരധിവാസം

**ചോദ്യം**

ശ്രീ.കെ.എം.ഷാജി:
ശ്രീ.റ്റി.എ.അഹമ്മദ് കബീർ:
ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ:
ശ്രീ.പി.കെ.ബഷീർ:

**ഉത്തരം**

ഡോ.എം.കെ.മുനീർ,
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൊഴിലെടുക്കാനാവാത്തവർ, അശരണർ, വൃദ്ധജനങ്ങൾ, അനാഥരായ കുട്ടികൾ, സ്ത്രീകൾ, അലഞ്ഞുതിരിയുന്ന രോഗികൾ, ഡിഫറൻറ്ലി ഏബിൾഡ് ആയിട്ടുള്ളവർ, നിർദ്ധനരായ രോഗികൾ എന്നിവരുടെ പുനരധിവാസത്തിനും മിനിമം ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും സാമൂഹ്യക്ഷേമ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതും പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതുമായ സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ; | (എ) | വികലാംഗക്ഷേമ പ്രവർത്തനങ്ങൾക്കായി വികലാംഗക്ഷേമ കോർപ്പറേഷൻ, വികലാംഗനിയമം നടപ്പാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി സംസ്ഥാന വികലാംഗക്ഷേമ കമ്മീഷണറേറ്റ്, വനിതാക്ഷേമ പ്രവർത്തനങ്ങൾക്കായി വനിതാ വികസന കോർപ്പറേഷൻ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും മറ്റും അന്വേഷിക്കുന്നതിനും പരിഹാരം കാണുന്നതിനുമായി അർദ്ധ ജുഡീഷ്യൽ അധികാരങ്ങളുള്ള വനിതാ കമ്മീഷൻ, ശിശുക്ഷേമ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ശിശുക്ഷേമ സമിതി എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അശരണർ, വൃദ്ധജനങ്ങൾ, |

| | | | |
|---|---|---|---|
| | | | രോഗികൾ തുടങ്ങി സഹായം<br>ലഭ്യമാക്കേണ്ട വിവിധ<br>വിഭാഗങ്ങൾ എന്നിവർക്കായി<br>പ്രത്യേക ക്ഷേമ പദ്ധതികളും<br>പരിപാടികളും<br>ആവിഷ്കരിക്കുന്നതിനും<br>നടപ്പിലാക്കുന്നതിനുമായി കേരള<br>സാമൂഹ്യ സുരക്ഷാ മിഷനും<br>രൂപീകരിച്ച് പ്രവർത്തിച്ചു<br>വരുന്നുണ്ട്.<br>സ്ത്രീകളുടെ ക്ഷേമം<br>സംബന്ധിച്ച കാര്യങ്ങൾക്കായി<br>മഹിളാമന്ദിരങ്ങൾ,<br>ആശാഭവനുകൾ, പ്രത്യാശാഭവൻ,<br>ഷോർട്ട് സ്റ്റേ ഹോം, ആഫ്റ്റർ<br>കെയർ ഹോം, വനിതാ<br>വികലാംഗ സദനം, റെസ്ക്യൂഹോം<br>എന്നീ സംവിധാനങ്ങളും വകുപ്പ്<br>ഏർപ്പെടുത്തിയിട്ടുണ്ട്.<br>വൃദ്ധജനങ്ങളുടെ<br>സംരക്ഷണത്തിനായി വകുപ്പിന്റെ<br>കീഴിൽ 15 വൃദ്ധസദനങ്ങൾ<br>പ്രവർത്തിച്ചു വരുന്നുണ്ട്.<br>കൂടാതെ സർക്കാർ<br>ഗ്രാന്റോടുകൂടി സംസ്ഥാനത്ത്<br>154 വൃദ്ധസദനങ്ങൾ സന്നദ്ധ<br>സംഘടനകൾ നടത്തുകയും<br>ചെയ്യുന്നുണ്ട്. മുതിർന്ന<br>പൗരന്മാരെ<br>സംരക്ഷിക്കുന്നതിനുള്ള<br>നിയമത്തിന്റെ അടിസ്ഥാനത്തിൽ<br>വൃദ്ധജനങ്ങളുടെ പരാതി<br>പരിഹാരത്തിനും മെയിന്റനൻസ്<br>സംബന്ധമായ വിഷയങ്ങൾ<br>കൈകാര്യം ചെയ്യുന്നതിനും<br>ഓരോ സബ്ഡിവിഷനിലും |

| | | | |
|---|---|---|---|
| | | | റവന്യൂ ഡിവിഷണൽ ഓഫീസർ മാരെ മെയിൻറനൻസ് ഓഫീസർമാരായും ഓരോ ജില്ലയിലും ജില്ലാ കളക്ടർമാരെ അപ്പലേറ്റ് അതോറിറ്റിമാരായും നിശ്ചയിച്ച് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ ക്ഷേമത്തിനായി ചിൽഡ്രൻസ് ഹോമുകൾ, സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. വികലാംഗർക്കെല്ലാം ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് സാമൂഹ്യസുരക്ഷാ മിഷൻ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം ലോക്കൽ ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം നടപ്പാക്കുന്നതിന് സാമൂഹ്യക്ഷേമ ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൂന്ന് റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു. ഗാർഹിക പീഡന നിരോധന നിയമ പ്രകാരം സംസ്ഥാന ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു. ശൈശവവിവാഹം തടയുന്നതിന് ശിശുവികസന |

| | | | |
|---|---|---|---|
| | | | പദ്ധതി ഓഫീസറെ ചൈൽഡ് മാര്യേജ് പ്രൊഹിബിഷൻ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്റ്റ് പ്രകാരമുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫയർ കമ്മിറ്റി എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്. വികലാംഗ സംരക്ഷണത്തിനായി പുരുഷന്മാർക്ക് ഒന്നും വനിതകൾക്ക് രണ്ടും കുട്ടികൾക്ക് രണ്ടും ഉൾപ്പെടെ ആകെ അഞ്ച് സ്ഥാപനങ്ങളും മാനസിക വൈകല്യമുള്ള പുരുഷന്മാർക്കും വനിതകൾക്കും കുട്ടികൾക്കും ഓരോന്നുവീതം ആകെ എട്ട് സ്ഥാപനങ്ങൾ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്. മനോരോഗ മുക്തരായവർക്കുള്ള ആറ് ആശാഭവനുകൾ, വൃദ്ധ വികലാംഗർക്കായി നാല് ഹോമുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഇത്തരക്കാർക്ക് സാമൂഹ്യനീതി ഉറപ്പു വരുത്താൻ ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ; | (ബി) | ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുമായി സഹകരിച്ച് സാമൂഹ്യക്ഷേമ വകുപ്പ് പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. മഹിളാമന്ദിരങ്ങൾ, വികലാംഗ സദനങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങി 32 ക്ഷേമ സ്ഥാപനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം |

| | | | |
|---|---|---|---|
| | | | നൽകി കഴിഞ്ഞിട്ടുണ്ട്. അനാഥാലയങ്ങൾക്കുള്ള ധനസഹായം, മിശ്രവിവാഹിതർക്കുള്ള ധനസഹായം, വികലാംഗ വിദ്യാർത്ഥികൾക്കുള്ള ധനസഹായം, സന്നദ്ധസംഘടനകൾക്കുള്ള ധനസഹായം തുടങ്ങിയ പദ്ധതികളും നടപ്പാക്കുന്നത് ത്രിതല പഞ്ചായത്തുകൾ വഴിയാണ്. ഇത്തരം പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടുതൽ സംയോജിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | ഈ വിഭാഗത്തിൽപ്പെടുന്നവരുടെ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്നതിനും അവർക്ക് തിരിച്ചറിയൽ കാർഡ് നൽകി സഹായ വിതരണം ഉറപ്പാക്കുന്നതിനുമുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ? | (സി) | പരിശോധിച്ചു വരുന്നു. |

R. Vijayan

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40 28-06-2011 ന് മറുപടിക്ക്

വനമേഖലയെ സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മോയിൻകുട്ടി:<br>" എൻ. ഷംസുദ്ദീൻ:<br>" പി. ഉബൈദുള്ള:<br>" എം.ഉമ്മർ: | ശ്രീ കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, നിലവിലുള്ള വനമേഖല സംരക്ഷിക്കാനും ലഭ്യമായ മേഖലകളിൽ സ്വാഭാവിക വനം വളർത്തിയെടുക്കാനും ഉദ്ദേശിച്ചുള്ള പദ്ധതികൾ വനനയത്തിൽ ഉൾപ്പെടുത്തുമോ; | (എ) സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ വിസ്തൃതി ഇപ്പോൾ കുറഞ്ഞു വരുന്നില്ല. നിലവിലുള്ള വനമേഖല സംരക്ഷിക്കാനും ലഭ്യമായ മേഖലകളിൽ സ്വാഭാവിക വനം വളർത്തിയെടുക്കാനും ഉദ്ദേശിച്ചുള്ള പദ്ധതികൾ നിലവിലുള്ള വന നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) വനമേഖല പൂർണ്ണമായും സർവ്വേ ചെയ്ത് ജണ്ടയില്ലാത്ത ഭാഗങ്ങളിൽ ജണ്ട കെട്ടി അതിർത്തി സംരക്ഷണം ഉറപ്പുവരുത്താനുള്ള നടപടികൾ പരിഗണനയിലുണ്ടോ; | (ബി) ഉണ്ട്. |
| (സി) വനത്തിലെ കയ്യേറ്റങ്ങൾ തടയാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടഞ്ഞ് പ്രതികൾക്കെതിരെ ഉചിതമായ നിയമനടപടികൾ |

------->

സ്വീകരിച്ചു വരുന്നു. വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പട്രോളിംഗ് നടത്തിയും വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയും വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും സംരക്ഷിച്ചു വരുന്നു. റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കാനും നടപടി സ്വീകരിച്ചു വരുന്നു. 1-1-77-ന് ശേഷമുള്ള വനം കയ്യേറ്റം ഒഴിപ്പിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റിയും സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും രൂപവൽക്കരിച്ചിട്ടുണ്ട്. വിവിധ വകുപ്പു കളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും നൽകി വരുന്നു.

(ഡി) നിലവിലെ സ്വാഭാവിക വനമേഖലയും, പ്ലാന്റേഷൻ മേഖലയും, ഉൾപ്പെടെ എത്ര ച.കി മീ. വനഭൂമിയാണ് വനം വകുപ്പിന്റെ കീഴിലുള്ളതെന്നതിന്റെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ?

(ഡി) നിലവിലെ സ്വാഭാവിക വനമേഖലയും പ്ലാന്റേഷൻ മേഖലയും ഉൾപ്പെടെ 11309.4754 ച.കി.മീ വനഭൂമിയാണ് വനം വകുപ്പിന്റെ കീഴിലുള്ളത്. ഇതിൽ 1477.3930 ച.കി.മീ പ്ലാന്റേഷൻ മേഖലയാണ്. വനഭൂമി യുടെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

9

നിയമസഭാ

**CLASSIFICATION OF FOREST AREA AS ON 31..03..2009**

| Sl. No. | Forest Type | Area (Sq.Km.) |
|---|---|---|
| 1 | Tropical Wet Evergreen and Semi Evergreen | 3877.4413 |
| 2 | Tropical Moist Deciduous | 3615.9840 |
| 3 | Tropical Dry Deciduous | 391.3636 |
| 4 | Montane Sub-tropical Temperate shoals | 386.4210 |
| 5 | Plantations | 1477.3930 |
| 6 | Grass Lands | 501.0865 |
| 7 | Others | 1059.7860 |
| | **Total** | **11309.4754** |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T41 — 28.06.2011-ൽ മറുപടിക്ക്.

### കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ്:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. തോമസ് ഉണ്ണിയാടൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി സാക്ഷാത്ക്കരിക്കുന്നതിന് കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണ്; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി സാക്ഷാത്ക്കരിക്കുന്നതിനായി 06.06.2011ൽ ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ ചെന്നൈ മെട്രോ റെയിൽ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ തീരുമാനിയ്ക്കുകയും അതിനായി കൊച്ചി മെട്രോ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിയ്ക്കുന്നതിന് 18.6.2011-ലെ ജി.ഒ.(എം.എസ്)32/2011/ട്രാൻ. നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; | (ബി) | 2009 -ലെ കണക്ക് പ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ് 4427 കോടി രൂപയാണ്. |
| (സി) | നിർദ്ദിഷ്ട കൊച്ചി മെട്രോ റെയിൽ പാതയുടെ അലൈൻമെന്റിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ഇതിനോടകം ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (ഡി) | ഇല്ല. ആവശ്യമായ സ്ഥലം ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തിര ഖണ്ഡം മുഖേന ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | കൊച്ചി മെട്രോ പദ്ധതിയുടെ നിർമ്മാണ കാലയളവ് എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഇ) | പദ്ധതി നിർമ്മാണം ആരംഭിച്ച ശേഷം നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 42 — 28-06-2011-ൽ മറുപടിയ്ക്ക്

ദേശീയ കായിക മേള

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. എ. മാധവൻ: | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) അടുത്ത ദേശീയ കായികമേള കേരളത്തിൽ എപ്പോൾ നടത്തുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത് ; | (എ) 35-ാമത് ദേശീയ ഗെയിംസിന്റെ തിയതി സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. 2012 ഡിസംബർമാസത്തിലോ 2013-ന്റെ ആദ്യ പകുതിയിലോ ദേശീയഗെയിംസ് കേരളത്തിൽ നടത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ് |
| (ബി) ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും സ്റ്റേഡിയം നിർമ്മാണവും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (ബി) നിർമ്മാണപുനരുദ്ധാരണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. |
| (സി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ വച്ചാണ് ദേശീയ ഗെയിംസിന്റെ വിവിധ മത്സരങ്ങൾ നടത്തുന്നതെന്ന് അറിയിക്കുമോ ; | (സി) ദേശീയ ഗെയിംസിന്റെ വിവിധ മത്സരങ്ങൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. വേദികളുടെയും മത്സരയിനങ്ങളുടെയും ലിസ്റ്റ് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. |

(ഡി)

ഗെയിംസ് കുറ്റമറ്റതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

(ഡി)

ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായുള്ള അടിസ്ഥാനസൗകര്യങ്ങളുടെപുനരുദ്ധാരണവും വികസനവും സ്റ്റേഡിയങ്ങളുടെ നിർമ്മാണവും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കായികമേളയുടെ നടത്തിപ്പിനായി വിവിധ സംഘാടക ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെപ്രവർത്തനവും പുരോഗതിയും കൃത്യമായിഅവലോകനം ചെയ്തുവരുന്നു. ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സുതാര്യമായി ലഭ്യമാക്കുന്നരീതിയിൽ നിലവിലുള്ള വെബ്സെറ്റ് പുനഃക്രമീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T. 43 — 28.06.2011-ൽ മറുപടിക്ക്.

### പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. എ. കെ. ബാലൻ:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. കെ.വി. വിജയദാസ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിട്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കോച്ച് ഫാക്ടറിക്കായി മുൻ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; | (ബി) | പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയ്ക്കായി ആവശ്യമുള്ള 430.59 ഏക്കർ ഭൂമി 01.02.2010-ലെ ജി.ഒ.(എം.എസ്)8/ 2010 നമ്പർ ഉത്തരവ് പ്രകാരം ഏറ്റെടുക്കാൻ തീരുമാനിക്കുകയും അതിൽ 429.27 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുമുണ്ട്. |
| (സി) | കോച്ച് ഫാക്ടറി പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലായിരിക്കുമോ; കേന്ദ്രഗവൺമെന്റിന് മറിച്ച് എന്തെങ്കിലും നിലപാട് ഉള്ളതായി അറിയാമോ; വിശദമാക്കാമോ; | (സി) | പദ്ധതി ഏത് രീതിയിൽ നടപ്പിലാക്കണമെന്ന തീരുമാനം കേന്ദ്ര സർക്കാർ ഇതുവരെ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാന സർക്കാർ എന്തെല്ലാം നിബന്ധനകളാണ് കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ഡി) | 2008-2009-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ് പാലക്കാട് റെയിൽ കോച്ച് ഫാക്ടറി. ഇതിനായി ആവശ്യമുള്ള 430.59 ഏക്കർ ഭൂമി 01.02.2010-ലെ ജി.ഒ.(എം.എസ്)നം. 8/ 2010 നമ്പർ ഉത്തരവ് പ്രകാരം ഏറ്റെടുക്കാൻ തീരുമാനിക്കുകയും അതിൽ 429.27 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ചെയ്തു കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | റെയിൽ കോച്ച് ഫാക്ടറി പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലായിരിക്കുമെന്ന അനുമാന ത്തിൽ ആവശ്യമായ ഭൂമി സൗജന്യമായി നൽകുവാനായിരുന്നു സർക്കാരിന്റെ തീരുമാനം.<br><br>തുടർന്ന് പല ഘട്ടത്തിലായി പദ്ധതി നടത്തിപ്പിനെക്കുറിച്ച് കേന്ദ്ര സർക്കാർ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പരിശോധിക്കുകയും താഴെപ്പറയുന്ന കാര്യങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്.<br>1) റെയിൽ കോച്ച് ഫാക്ടറി ഒരു പൊതുമേഖലാ സ്ഥാപനമായിരിക്കണ മെന്നാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നതെന്നും ഭാവിയിൽ പദ്ധതി ഒരു 'ജോയിന്റ് വെഞ്ച്വ' റായി മാറ്റണമെന്ന സാഹചര്യം വരുകയാണെങ്കിൽ സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്ന ഭൂമിയുടെ വില ഫാക്ടറിയിലുള്ള സംസ്ഥാന സർക്കാരിന്റെ ഓഹരിയായി കണക്കാക്കണമെന്ന നിബന്ധനയോടെ കേന്ദ്ര സർക്കാർ ഉന്നയിച്ച കാതലായ സവിശേഷതകളോട് സംസ്ഥാന സർക്കാർ യോജിക്കുന്നതായും;<br>2) പദ്ധതി ഒരു സർക്കാർ പൊതുമേഖലാ സ്ഥാപന വുമായിട്ടുള്ള സംയുക്ത സംരംഭമായി ആണ് നടപ്പിലാക്കുന്നതെങ്കിൽ ഇപ്പോൾ 60.6345 കോടി രൂപ കമ്പോളവിലയുള്ള ടി ഭൂമിയുടെ കമ്പോളവിലയുടെ 4% വാർഷിക പാട്ടവാടകയായി, പത്ത് കൊല്ലത്തിലൊരി ക്കൽ പുതുക്കണമെന്ന വ്യവസ്ഥയോടെ, ടി ഭൂമി കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന സർക്കാർ നൽകുന്നതിന് സമ്മതമാണെന്നും;<br>3) സംയുക്തസംരംഭത്തിൽ സ്വകാര്യ പങ്കാളിയാണെങ്കിൽ പാട്ടത്തിന് നൽകുന്ന ഭൂമി സംയുക്ത സംരംഭത്തിന് |

| | | | |
|---|---|---|---|
| | | | കീഴ്പാട്ടത്തിന് നൽകുന്നതിനുള്ള സ്വാതന്ത്ര്യത്തോടെ പാട്ടം തുടങ്ങി 10 കൊല്ലത്തിലൊരിക്കൽ പുതുക്കണമെന്ന വ്യവസ്ഥയോട് ഇപ്പോൾ ഭൂമിയുടെ വിലയായ 60.6345 കോടി രൂപയുടെ 8% വാർഷിക പാട്ടവാടകയായി 90 വർഷത്തേയ്ക്ക് ടി ഭൂമി റയിൽവേ മന്ത്രാലയത്തിന് നൽകുന്നതിന് സമ്മതമാണെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഇ) | പദ്ധതി ഏത് നിലയിൽ നടപ്പിലാക്കണമെന്നത് സംബന്ധിച്ച അന്തിമ തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | കേന്ദ്ര സർക്കാരാണ് തീരുമാനം എടുക്കേണ്ടത്. ഇത് സംബന്ധിച്ച തീരുമാനം കേന്ദ്ര സർക്കാർ ഇതുവരെ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44 | 28.06.2011ൽ മറുപടിയ്ക്ക് |
|---|---|
| കുടുംബശ്രീ ഗവേഷണ പഠന റിപ്പോർട്ട് | |
| ചോദ്യം | ഉത്തരം |
| ഡോ.കെ.ടി. ജലീൽ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. സാജു പോൾ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | കുടുംബശ്രീ പദ്ധതിയിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വനിതാ കമ്മീഷൻ ഗവേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഗവേഷണ റിപ്പോർട്ടിലെ പ്രമുഖ നിഗമനങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ; | (എ) കുടുംബശ്രീ പദ്ധതിയിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് കേരള വനിതാ കമ്മീഷനു വേണ്ടി ശ്രീ ഗോകുലം റിസർച്ച് സെന്റർ, തിരുവനന്തപുരം ഗവേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത ഗവേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) മാലിന്യ നിർമ്മാർജ്ജനത്തിൽ ഏർപ്പെടുന്ന കുടുംബശ്രീ അംഗങ്ങൾക്ക് മെച്ചപ്പെട്ട പ്രതിഫലവും ആനുകൂല്യങ്ങളും ലഭ്യമാക്കണം.<br>2. പട്ടണത്തെ അപേക്ഷിച്ച് ഗ്രാമപ്രദേശത്ത് പ്രവർത്തകർക്ക് കൂടുതൽ അംഗീകാരമുണ്ട്.<br>3) കുടുംബശ്രീ അംഗങ്ങളിൽ 60 വയസ്സിനുമേൽ പ്രായമുള്ള നിരവധിപേർ ഉണ്ട് (5-10%). അത്തരം ദരിദ്രരും മുതിർന്നവരുമായ വനിതകളെ പുനരധിവസിപ്പിക്കുന്നതിനായി പെൻഷൻ, ഇൻഷ്വറൻസ് തുടങ്ങിയ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.<br>4) അവിവാഹിതരും, തൊഴിലില്ലാത്തവരും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുമായ പെൺകുട്ടികളെ ആകർഷിക്കുന്നതിലേയ്ക്കായി ഇത്തരം തൊഴിലിന്റെ അന്തസ്സ് വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കേണ്ടതുണ്ട്. |

| | | |
|---|---|---|
| | | 5). തൊഴിൽപരമായ വിദ്ഗദ്ധ ജ്ഞാനം പരിശീലിപ്പിക്കേണ്ടതാണ്.<br>6) സ്വയം തൊഴിലിനായി നൽകുന്ന വായ്പകളിൽ പലതും സജ്ജീവമല്ലാത്ത അംഗങ്ങൾ ദുരുപയോഗം ചെയ്യുന്നു. ആയതിനാൽ കൃത്യമായ മേൽനോട്ടവും ഓഡിറ്റിംഗും ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. |
| (ബി) | ഗവേഷണ റിപ്പോർട്ടിലെ ശുപാർകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ഗവേഷണ റിപ്പോർട്ടിലെ ശുപാർകളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേരള വനിതാകമ്മീഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 45 — 28.06.2011-ൽ മറുപടിയ്ക്ക്

## ഇലക്ട്രിസിറ്റി ബോർഡിൻെറ കമ്മി നികത്താൻ നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം:<br>ശ്രീ. എ. പ്രദീപ്കുമാർ:<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):<br>ശ്രീ. കെ. രാധാകൃഷ്ണൻ: | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഇലക്ട്രിസിറ്റി ബോർഡിൻെറ കമ്മി നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;<br><br>(ബി) ഈ സാമ്പത്തിക വർഷം വൈദ്യുതി ബോർഡിൻെറ റവന്യൂ കമ്മി എത്രയെന്നാണ് സംസ്ഥാന റഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിരിക്കുന്നത് ; | (എ) & (ബി) 2011-12 കാലയളവിലേക്ക് കെ. എസ്. ഇ. ബോർഡിൻെറ വരുമാന കമ്മി 887.81 കോടി രൂപയായി അംഗീകരിച്ചാണ് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഉത്തരവായിട്ടുള്ളത്. റവന്യൂ കമ്മി നികത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നും കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ഇതിനായി ഫലപ്രദമായ നടപടികൾ പരിഗണനയിലാണ്. |
| (സി) കേരളാ വാട്ടർ അതോറിറ്റിക്ക് ബാധകമായ വൈദ്യുതി നിരക്കുകളിൽ ഇളവനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി നിരക്കുകളിൽ 10% കുറവ് അംഗീകരിക്കണമെന്ന് കെ. എസ്. ഇ. ബോർഡ് 24.07.2009-ൽ റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും കമ്മീഷൻ പ്രസ്തുത ആവശ്യം നിരസിക്കുകയാണുണ്ടായത്. |
| (ഡി) എങ്കിൽ ഇതുവഴി വൈദ്യുതി ബോർഡിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്നും പ്രസ്തുത ബാദ്ധ്യത എങ്ങനെ നികത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 46

28.06.2011-ൽ മറുപടിക്ക്.

### സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ. സാജു പോൾ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ജെയിംസ് മാത്യു :

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലികുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)

(എ) 2006-2011 കാലത്ത്, വ്യവസായ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ;

(എ) 2006-2011 കാലയളവിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് കാസർഗോഡുള്ള കിൻഫ്രാ പാർക്കിലും, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് കൊച്ചിയിലെ കിൻഫ്രാ ഹൈടെക്ക് പാർക്കിലും, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട്ടുള്ള കിൻഫ്രാ പാർക്കിലും യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരള ഹൈടെക്ക് ഇൻഡസ്ട്രീസ് ബ്രഹ്മോസ് എയ്റോ സ്പേസിനു കൈമാറിയിട്ടുണ്ട്.

(ബി) സംസ്ഥാന പൊതുമേഖലയുമായി സംയുക്ത സംരംഭത്തിലേർപ്പെട്ട കേന്ദ്ര പൊതുമേഖലാ കമ്പനികൾ ഏതെല്ലാമാണ് ;

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെട്ടിട്ടുള്ള കമ്പനികളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ടെൽക്കും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി-യുമായുള്ള സംയുക്ത സംരംഭം.

2) സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡുമായു--ള്ള സ്റ്റീൽ കോംപ്ലക്സ് സംയുക്ത സംരംഭം.

3) കെല്ലിന്റെ കാസർഗോഡ് യൂണിറ്റും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭം.

4) കോഴിക്കോട് ബേപ്പൂരിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിൽ 'നിർദ്ദേശ്' (National Institute for Research & Development in Defence Shipbuilding - NIRDESH) സ്ഥാപിക്കുവാൻ തീരുമാനിച്ചു.

(തുടർച്ച...2)

5) കിൻഫ്രയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.റ്റി.പി.സി-യുമായി ചേർന്ന് KINESCO എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കുകളിലെ വൈദ്യുതി വിതരണമാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

6) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ ആട്ടോകാസ്റ്റിന്റെയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെയും സൗകര്യങ്ങൾ ഉപയോഗിച്ച് ഇൻഡ്യൻ റെയിൽവേയുമായി സഹകരിച്ച് സംയുക്ത മേഖലയിൽ ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണന്റ് നിർമ്മാണ യൂണിറ്റ് ചേർത്തലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിനായി റെയിൽവേ മന്ത്രാലയം അനുമതി പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിക്കുന്ന നയം തുടരാൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ട്.

(ഡി) പ്രസ്തുത രംഗത്ത് പുതുതായി ഏതെങ്കിലും സഹകരണം പരിഗണനയിലുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

(ഡി) കണ്ണൂർ ജില്ലയിലെ ഇരിണാവിൽ പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻഡ്യൻ കോസ്റ്റ് ഗാർഡ് അക്കാഡമി സ്ഥാപിക്കുവാൻ തീരുമാനിച്ചു. തൃശ്ശൂർ ജില്ലയിലെ സിൽക്കും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹെവി എഞ്ചിനീയറിംഗ് കോർപ്പറേഷൻ ലിമിറ്റഡും (HECL) ചേർന്നുള്ള ഒരു സംയുക്ത സംരംഭം കൂടി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി കേന്ദ്ര വ്യവസായ മന്ത്രാലയവുമായി സമ്പർക്കം പുലർത്തി വരികയാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ : 47 28.06.2011 ന് മറുപടിക്ക്

# സംസ്ഥാന വന നയം

=================

**ചോദ്യം**

ശ്രീ. സി.കെ. സദാശിവൻ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. കെ. ജയചന്ദ്രൻ:
ശ്രീ. ബി.ഡി. ദേവസ്സി:

(എ) നിലവിലുള്ള സംസ്ഥാന വന നയത്തിന് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ വന നയത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

(സി) വന നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇവ കൈവരിക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചു വരുന്ന പ്രധാന പരിപാടികളും പദ്ധതികളും എന്തെല്ലാമാണ്;

(ഇ) ഇവ തുടർന്നു കൊണ്ടുപോകുവാൻ തയ്യാറാകുമോ ?

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി), (സി), (ഡി), (ഇ)

പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ പരിപോഷണം, കാലാവസ്ഥാ നിയന്ത്രണം ആദിവാസികളുടെയും മറ്റ് വനാശ്രിത സമൂഹങ്ങളുടെയും ഉപജീവനം, മണ്ണ് സംരക്ഷണം, മണ്ണൊലിപ്പ് തടയൽ, വനങ്ങൾ സംരക്ഷിച്ച് പരിപോഷിപ്പിക്കുകയും വനമില്ലാത്ത പ്രദേശങ്ങളിൽ വനവൽക്കരണം നടത്തി വൃക്ഷാവരണം വർദ്ധിപ്പിക്കുക, വ്യവസായങ്ങൾക്കാവശ്യമുള്ള തടി പ്രധാനമായും സ്വകാര്യഭൂമിയിൽ വളർത്താൻ പ്രോൽസാഹിപ്പിക്കുക എന്നിവയാണ് നിലവിലെ വന നയത്തിലെ പ്രധാന ലക്ഷ്യങ്ങൾ. ഇവ കൈവരിക്കുന്നതിന് താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

1. സംയുക്ത വനപരിപാലനം
2. ജൈവവൈവിധ്യ സംരക്ഷണം
3. ആവാസ വ്യവസ്ഥകളുടെ പരിപാലനം
4. അഗ്നി പ്രതിരോധപ്രവർത്തനങ്ങൾ
5. വനാശ്രിത സമൂഹങ്ങളുടെ ജീവനോപാധികൾ വർദ്ധിപ്പിക്കൽ

..................2

6. മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾ

7. പ്രക്ഷീണ വനങ്ങളുടെ പുനരുജ്ജീവനം

8. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ.

9. എന്റെ മരം, നമ്മുടെ മരം, വഴിയോര തണൽ, ഹരിത കേരളം, തുടങ്ങിയ സാമൂഹ്യ വനവൽക്കരണ പരിപാടികൾ

10. കണ്ടൽക്കാടുകളുടെ സംരക്ഷണം
11. കാവുകളുടെ സംരക്ഷണം

കൂടാതെ കേരള ബാംബൂ കോർപ്പറേഷൻ മുഖേന പരമ്പരാഗത ആദിവാസി തൊഴിലാളികൾക്ക് സൗജന്യമായി ഈറ്റ ശേഖരണം നടത്തുന്നതിനും വനാശ്രിതർക്ക് സൗജന്യമായി ചെറുകിട വനവിഭവ ശേഖരണം നടത്തുന്നതിനും ഔഷധ സസ്യമേഖല വർദ്ധിപ്പിക്കുന്നതിനും മുളയുടെയും ചൂരലിന്റെയും സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനും തേക്കിന്റെയും പൾപ് വുഡിന്റെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 48** **28-06-2011 ൽ മറുപടിക്ക്**

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.ദിവാകരൻ**<br>**ശ്രീ.കെ.രാജു,**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും**<br>**നഗരകാര്യവും വകുപ്പ് മന്ത്രി** |

| | |
|---|---|
| (എ) വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; ഇതിൽ ദീർഘകാലമായി അടഞ്ഞു കിടക്കുന്നതും പുനരുദ്ധരിക്കാൻ കഴിയാത്തതുമാ എത്ര സ്ഥാപനങ്ങളുണ്ട്; | (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പ് മന്ത്രിയുടെ അധീനതയിൽ 62 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഇവയിൽ 44 സ്ഥാപനങ്ങളിൽ ഇപ്പോൾ പ്രവർത്തനം നടന്നുവരുന്നു. ബാക്കിയുള്ള 18 സ്ഥാപനങ്ങൾ ദീർഘകാലമായി പ്രവർത്തിക്കുന്നില്ല. |
| (ബി) വികസന മേഖലയിലും വാണിജ്യ സേവന മേഖലയിലുമായി എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ വികസന മേഖലയിലും വാണിജ്യ സേവന മേഖലയിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (സി) നഷ്ടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ എന്നു മുതലാണ് ലാഭത്തിലായത്; ഇവ ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച നയം | (സി) 2005-06 സാമ്പത്തിക വർഷം നഷ്ടത്തിലായിരിക്കുകയും 2010-2011 സാമ്പത്തിക വർഷം ലാഭത്തിലായതുമായ കമ്പനികളുടെ വിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.<br>ഒൻപത് സ്ഥാപനങ്ങൾ ഭൂമി കൈമാറ്റം ചെയ്ത |

| | |
|---|---|
| എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ? | വകയിൽ ലഭിച്ച തുകയും, ഏട്ട് സ്ഥാപനങ്ങളുടെ വായ്പ ഓഹരിയായി മാറ്റിയതുമൂലവും, എട്ട് സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകിയതുമൂലവുമാണ് പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളത്. കൂടാതെ ആറ് സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പയുടെ പലിശ എഴുതിത്തള്ളുകയും പതിമൂന്ന് സ്ഥാപനങ്ങൾക്ക് KIRF ലോൺ തിരിച്ചടയ്ക്കുവാൻ സർക്കാർ സഹായം നൽകിയതുമൂലവും ചില സ്ഥാപനങ്ങളെ ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി സർക്കാരിലേക്കുള്ള വിൽപ്പന നികുതിയുടെ ബാധ്യത ഇളവുചെയ്തു നൽകിയതു കൊണ്ടുമാണ് ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളത്.<br><br>അതതു വർഷങ്ങളിൽ ലാഭം കാണിച്ചിട്ടുള്ള പല സ്ഥാപനങ്ങളിലും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയായിട്ടില്ല. പല സ്ഥാപനങ്ങളും സഞ്ചിത നഷ്ടം ഉള്ളതുമാണ്. ചില സ്ഥാപനങ്ങൾ നിയമാനുസൃതമായി കൊടുത്തു തീർക്കേണ്ട ഇ.പി.എഫ്, ഇ.എസ്.ഐ, സെയിൽസ് ടാക്സ് എന്നിവയും, വൈദ്യുതിചാർജ്ജ്, സർക്കാരിലേക്കും ധനകാര്യ സ്ഥാപനങ്ങളിലേക്കും നൽകേണ്ട വായ്പാ കുടിശിക, ഗ്യാരന്റി കമ്മിഷൻ എന്നിവയും നൽകാത്തവയുമാണ്.<br><br>ചില വർഷങ്ങളിൽ ലാഭം കൂടിയതിനുള്ള മുഖ്യമായ കാരണം കമ്പോളത്തിൽ ചില ഉല്പന്നങ്ങൾക്ക് ക്രമാതീതമായ വില |

| | |
|---|---|
| | വർദ്ധനവ് ലഭിച്ചതിനാലാണ്.<br>സർക്കാർ സഹായങ്ങളുടെ പ്രതിഫലനം കമ്പനികൾ ഉണ്ടാക്കിയ ലാഭത്തിൽ നിന്ന് മാറ്റിയാൽ മാത്രമേ സ്ഥാപനങ്ങളുടെ മത്സര ശേഷിയും കഴിവും ഉപയോഗിച്ചുണ്ടാക്കിയ പ്രവർത്തന ലാഭം തിട്ടപ്പെടുത്തുവാൻ കഴിയൂ. ഇതിന് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് കൂടി പൂർത്തിയാകേണ്ടിയിരിക്കുന്നു.<br>ചില സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ മുൻ സർക്കാർ സ്വീകരിച്ച ചില നടപടികൾ അനുബന്ധം മൂന്നിൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## Units under the Minister (Industries & Commerce/IT/Urban Affairs)

| Particulars | Units (In Nos) |
|---|---|
| **A. Commercial Units** | |
| 1 Commercial Companies | 26 |
| 2 Commercial Co-operatives | 7 |
| 3 Commercial Traditional Sector | 5 |
| 4 Commercial / Welfare establishments | 2 |
| **Total** | **40** |
| **B. Development and Infrastratucture** | 4 |
| **C. Non- Functional Units** | 18 |
| **Grand Total** | **62** |

അനുബന്ധം-2

| Sl.No. | Company | Remarks |
|---|---|---|
| 1 | Kerala State Drugs & Pharmaceuticals Ltd | Made profit from 2009-10 onwards |
| 2 | The Travancore Cements Ltd | Continuously making profit since 2007-08 |
| 3 | Travancore Titanium Products Ltd | Made profit during 2007-08, 2009-10 and 2010-11 Made loss during 2008-09 |
| 4 | Kerala Small Industries Development Corporation Ltd | Continuously making profit since 2006-07 |
| 5 | Kerala Electrical & Allied Engineering Company Ltd. | Continuously making profit since 2006-07 |
| 6 | Traco Cable Company Ltd | Continuously making profit since 2008-09 |
| 7 | Keltron Component Complex Ltd | Continuously making profit since 2008-09 |
| 8 | Keltron Electro Ceramics Ltd | Made profit during 2006-07, 2008-09 and 2010-11. But was in loss during 2007-08 and 2009-10 |
| 9 | Kerala State Electronic Development Corporation ltd | Continuously making profit since 2006-07 |
| 10 | Autokast Ltd. | Made profit during 2006-07, 2009-10 and 2010-11 and was in loss during 2007-08 and 2008-09 |
| 11 | Steel Industrials Kerala Ltd | Continuously making profit since 2007-08 |
| 12 | Alleppey Co-operative Spinning Mills | Made profit since 2009-10 |
| 13 | Kerala State Textile Corporation Ltd | Was profit during 2006-07, 2009-10 and 2010-11. But was in loss during 2007-08 and 2008-09 |
| 14 | Sitaram Textiles Ltd | Made profit since 2009-10 |
| 15 | The Cannannore Co-op.Spinning Mills Ltd | Made profit only during 2010-11 |
| 16 | The Malappuram Co-operative Spinning Mills Ltd. | Made profit only during 2010-11 |
| 17 | The Quilon Co-operative Spinning Mills Ltd | Made profit only during 2010-11 |
| 18 | Handicrafts Dev Corp. (Kerala) Ltd | Continuously making profit since 2006-07 |
| 19 | KELPALM | Was profit during 2007-08, 2009-10 and 2010-11. But was in loss during 2006-07 and 2008-09 |
| 20 | Kerala State Bamboo Corporation Ltd. | Continuously making profit since 2007-08 |
| 21 | Kerala Artisans Development Corporation Ltd | Made profit only during 2010-11 |

അനുബന്ധം -3

നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാനായി മുൻ സർക്കാർ സ്വീകരിച്ച ചില നടപടികൾ ചുവടെ ചേർക്കുന്നു:

1. ഓരോ സാമ്പത്തിക വർഷത്തിന്റെയും തുടക്കത്തിൽ ബഡ്ജറ്റ് വിലയിരുത്തുന്നു

2. സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ മാസവും നടത്തിയിരുന്നു. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ കഴിഞ്ഞ മാസം കൈവരിച്ച ഉല്പാദന ക്ഷമത പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

3. ടെക്സ്റ്റൈൽ മേഖലയിലുള്ളവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി മാസംതോറുമുള്ള അവലോകനം കൂടാതെ കമ്പനികളിൽ നിന്ന് ലഭിക്കുന്ന വീക്കിലി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഴ്ചതോറുമുള്ള പ്രവർത്തനം റിയാബ് മുഖേന മോണിറ്റർ ചെയ്തിരുന്നു.

4. കമ്പനികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ റിയാബ് മുഖേന ചാർട്ടേർഡ് അക്കൗണ്ടൻസിന്റെ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും, സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്ന് മാത്രമേ ഇന്റേണൽ ആഡിറ്റേഴ്സിനെ നിയമിക്കാവൂ എന്ന് നിർദ്ദേശവും നൽകിയിരുന്നു.

5. ടെക്സ്റ്റൈൽ മേഖലയിൽ ആധുനിക വത്കരണവും നവീകരണവും ഉൾപ്പെടെയുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കി.

6. സഹകരണ മേഖലയ്ക്ക് കൂടി ഗുണം കിട്ടത്തക്ക രീതിയിൽ കോട്ടൺ പർച്ചേഴ്സ് കമ്മിറ്റി നിലവിൽ വന്നു.

7. ടെൽക്, കെൽ, സ്റ്റീൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ ഏജൻസികളുമായും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും വ്യവസായ ബന്ധങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

8. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനുള്ള പരിശീലന പരിപാടികൾ റിയാബ് മുഖേനയും കമ്പനി തലത്തിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 49 28.06.2011 ൽ മറുപടിയ്ക്ക്

വൈദ്യുതി ആവശ്യകത നിറവേറ്റാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. 12- ാം പഞ്ചവത്സര പദ്ധതി ക്കാലത്ത് കേരളത്തിൽ പ്രതീക്ഷിക്കപ്പെടുന്ന വൈദ്യുതി അവശ്യകത കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | എ. കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 17-ാം ഊർജ്ജ സർവ്വേ പ്രകാരം 12-ാം പഞ്ചവത്സര പദ്ധതിക്കാലത്തിലെ 2016-17 വർഷത്തിൽ 26332 മില്ല്യൺ യൂണിറ്റ് വൈദ്യുതിയുടെ ആവശ്യം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| ബി. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഏതൊക്കെ വൈദ്യുത പദ്ധതികളാണ് കേരളത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ; | ബി. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാൻ താഴെ പറയുന്ന ജലവൈദ്യുതപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. |

1. നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുതപദ്ധതികൾ

| | | |
|---|---|---|
| പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW | 153.9 MU |
| തോട്ടിയാർ | 40 MW | 99 MU |
| ചെങ്കുളം ഓഗ് മെന്റേഷൻ പദ്ധതി | | 85 MU |
| റാന്നി-പെരുനാട് ചെറുകിട പദ്ധതി | 4 MW | 16.73 MU |
| പീച്ചി ചെറുകിട പദ്ധതി | 1.25 MW | 3.3 MU |
| ചാത്തൻക്കോട്ടുനട II ചെറുകിട പദ്ധതി | 6 MW | 14.76 MU |
| വിലങ്ങാട് ചെറുകിട പദ്ധതി | 7.5 MW | 23.63 MU |
| ബാരാപ്പോൾ ചെറുകിട പദ്ധതി | 15 MW | 36 MU |
| കക്കയം ചെറുകിട പദ്ധതി | 3 MW | 10.39 MU |

2. വർക്ക് അവാർഡ് ചെയ്തതും, നിർമ്മാണം ഉടൻ ആരംഭിക്കുന്നതുമായ പദ്ധതികൾ

| | | |
|---|---|---|
| പെരുന്തേനരുവി | 6 MW | 25.76 MU |
| ആനക്കയം | 7.5 MW | 22.83 MU |

3. ടെണ്ടർ ചെയ്ത പദ്ധതികൾ

| | | |
|---|---|---|
| മാങ്കുളം | 40 MW | 82 MU |
| വെള്ളത്തുവൽ | 3.6 MW | 12.17 MU |
| പൊരിങ്ങൽക്കുത്ത് | 24 MW | 42.05 MU |
| ആഡ്യൻപാറ | 3.5 MW | 9.01 MU |
| ചിമ്മിനി | 2.5 MW | 6.7 MU |

4. 2011-2012 ൽ ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| ഒലിക്കൽ | 4.5 MW | 10.18 MU |
| പൂവാരംതോട് | 2.7 MW | 5.88 MU |
| ചെമ്പുകടവ് III | 6 MW | 14.92 MU |
| പെരുവണ്ണാമൂഴി | 6 MW | 24.7 MU |
| അപ്പർ കല്ലാർ | 2 MW | 5.15 MU |
| ആകെ | 21.2 MW | 6083 MU |

5. 2012-2013 ൽ ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| പീച്ചാട് | 3 MW | |
| വെസ്റ്റേൺ കല്ലാർ | 5 MW | |
| ചിന്നാർ | 24 MW | |
| പഴശ്ശിസാഗർ | 1.5 MW | |
| ലാഡ്രം | 3.5 MW | |
| അപ്പർ ചെങ്കുളം | 24 MW | ഈ പദ്ധതികളുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു. ഡി.പി.ആർ-ഉം തയ്യാറാക്കി വരുന്നു. |
| മാർമ്മല | 7 MW | |
| ചാത്തൻകോട്ടുനട I | 4.5 MW | |

അടുത്ത മൂന്നു വർഷത്തിനുള്ളിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള 33 പദ്ധതികൾ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കിയിട്ടുണ്ട്.അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

പ്രകൃതി വാതകം ഇന്ധനമായി, ബ്രഹ്മപുരത്ത് 1026 MW ന്റെ കംബൈൻഡ് സൈക്കിൾ പവർപ്ലാന്റ്, കെ.എസ്.ഇ.ബി യുടേയും, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും സംയുക്ത സംരംഭമായി കാസർഗോഡ് ചീമേനിയിൽ 1200 MW ശേഷിയുള്ള വാതകാധിഷ്ഠിത താപനിലയം എന്നിവയെ സംബന്ധിച്ച് പ്രരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സ്വകാര്യപങ്കാളിത്തത്തോട്ടുകൂടി ചെറുകിടജല

വൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സർക്കാർ തലത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി അഗളിയിലും, രാമക്കൽമേടിലും സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിൻഡ്ഫാം നടപ്പിലാക്കി വരുന്നു. പൊരിങ്ങൽകുത്ത് ഷോളയാർ എന്നീ നിലയങ്ങളിലെ നവീകരണ/ശേഷിവർദ്ധനപ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ ഇടുക്കി ഒന്നാംഘട്ടം, കുറ്റ്യാടി ഒന്നാംഘട്ടം എന്നീ നിലയങ്ങളിലെ നവീകരണ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| സി. ഇക്കാലയളവിൽ പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്ന കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്ന് കേരളത്തിന് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | സി. 12-ാം പഞ്ചവത്സരക്കാലത്ത് പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്ന കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്ന് 570 മെഗാവാട്ടോളം വൈദ്യുതി വിഹിതം ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| ഡി. കേന്ദ്ര സർക്കാർ സ്വകാര്യമേഖലയിൽ അനുവദിക്കുന്ന അൾട്രാ മെഗാ പദ്ധതികളിൽ നിന്ന് കേരളത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതി വിഹിതം എത്ര വീതമെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ? | ഡി. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള വിവിധ അൾട്രാ മെഗാ പദ്ധതികളിൽ നിന്നുമായി ഈ പദ്ധതിക്കാലയളവിൽ 490 MW വൈദ്യുതി വിഹിതം കേരളത്തിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാനായി Special Purpose Vehicles (SPV) രൂപീകരിച്ചു. ചിലവുകൾക്കായി 100 മെഗാ വാട്ടിന് ഒരു കോടി രൂപാ എന്ന തോതിൽ commitment advance പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

# വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്ന പദ്ധതികൾ

## 2011 - 2012

| | | |
|---|---|---|
| 1 അപ്പർ ചെങ്കുളം | - 24 | മെഗാവാട്ട് |
| 2. മാർമല | - 7 | " |
| 3. പഴശ്ശിസാഗർ | - 15 | " |
| 4. വെസ്റ്റേൺ കല്ലാർ | - 5 | " |
| 5 അരണാമുക്ക് | - 3 | " |
| 6 കല്ലാർ | - 8 | " |
| 7. കാന്തൻപാറ | - 70 | " |
| 8 വൈത്തിരി | - 60 | " |

## 2012 - 2013

| | | |
|---|---|---|
| 1. മരപ്പുഴ | - 5 | മെഗാവാട്ട് |
| 2. വാലൻതോട് | - 8 | " |
| 3. കക്കാടംപൊയിൽ - I | - 20 | " |
| 4 കക്കാടംപൊയിൽ - II | - 5 | " |
| 5 പെങ്കി | - 3 | " |
| 6 ആനക്കാംപൊയിൽ | - 7.5 | " |
| 7. തോനിയാർ | - 4 | " |
| 8 തൊമ്മൻകുത്ത് | - 4.5 | " |
| 9. ഞാമിവരണം | - - | 2.54 MU |
| 10. മാങ്കുളം - II | - 40 | " |
| 11. പൊരിങ്ങൽകുത്ത് സ്റ്റേജ് - II | - 24 | " |
| 12 തൊട്ടിയാർ സ്റ്റേജ് - II | - 30 | " |
| 13. ചാത്തൻകോട്ടുനട സ്റ്റേജ് - I | - 3.5 | " |
| 14. അപ്പർ ചെങ്കുളം - II | - 24 | " |
| 15 മൈലോറാം | - 3.6 | " |

2013 - 2014

| | | |
|---|---|---|
| 1. | പെരുന്തേനരുവി - II | - 4.5 മെഗാവാട്ട് |
| 2. | കണ്ടപ്പൻചാൽ | - 4.5 " |
| 3 | പതംകയം | - 4.5 " |
| 4. | പാൽചുരം - II | - 6 " |
| 5. | പാൽചുരം - III | - 3.75 " |
| 6. | കിഴാർകുത്ത് | - 15 " |
| 7. | ഒഞ്ഞൻകുഴി | - 7 " |
| 8. | മൂരിക്കടവ് | - 2 " |
| 9. | ആവർകുട്ടി - ചിറ്റൂർ | - 10 " |
| 10 | മാങ്കുളം - III - താമ്മല - (കടലാർ ഡൈവേർഷൻ) | - |

## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :50 | 28.06.2011-ൽ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണ വകുപ്പ് പുന:സ്ഥാപിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ബി.സത്യൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) അധികാര വികേന്ദ്രീകരണം സുസ്ഥാപിതമുക്കുന്നതിന് അനുകരണീയമായ മാതൃകകൾ സൃഷ്ടിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനുതകുന്ന പുതിയ പദ്ധതികൾ പരിണിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതിനകം ആവിഷ്ക്കരിച്ച പരിപാടികളെക്കുറിച്ചും നിലവിൽ തുടർന്നുവരുന്ന പരിപാടികളോടുള്ള സമീപനം സംബന്ധിച്ചും വിശദമാക്കാമോ; | (ബി) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തി സുസ്ഥാപിതമാക്കുകയാണ് ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെപ്പറയുന്നവയാണ്.<br>(1) നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രാവർത്തികമാക്കുക.<br>(2) ലോകബാങ്ക് സഹായത്തോടെ തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടിയുടെ ഭാഗമായി അധികാര വികേന്ദ്രീകരണം സുസ്ഥാപിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>(3) കുടുംബശ്രീയെ ശക്തിപ്പെടുത്തുക<br>(4)തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകി വരുന്ന പരിശീലനത്തിന്റെ |

ഗുണമേന്മ മെച്ചപ്പെടുത്തുക
(5)വികേന്ദ്രീകൃതാസൂത്രണ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം മുൻവർഷങ്ങളിലെ അനുഭവങ്ങൾ പഠിച്ച് 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുക.
(6) സോഷ്യൽ ഓഡിറ്റ് സമ്പ്രദായം വിപുലീകരിക്കുക
(7) പ്രവൃത്ത്യോൻമുഖ ഗവേഷണ പരിപാടി (Action Research Programme) കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുക.
(8) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക

| | | | |
|---|---|---|---|
| (സി) | വകുപ്പ് വിഭജിച്ച നടപടി പ്രസ്തുത പരിപാടികളുടെ വിജയത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | തദ്ദേശസ്വയംഭരണ വകുപ്പിനെ വിഭജിച്ചിട്ടില്ല. ഗവൺമെന്റ് തലത്തിൽ ഒരു അഡീഷണൽ ചീഫ് സെക്രട്ടറി, സെക്രട്ടറി എന്നിവർ അടങ്ങുന്ന ഏകവകുപ്പായാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. വിവിധ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനും , കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഒന്നിലധികം മന്ത്രിമാർക്ക് ഭരണച്ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർക്ക് സെക്രട്ടറിമാർ ഫയലുകൾ സമർപ്പിച്ചു വരുന്നു. കൂടാതെ നിലവിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമ വികസനം തുടങ്ങി വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഏകോപനം ആവശ്യമായി വരുന്ന പക്ഷം തീരുമാനം എടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിമാരായ ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ.കെ.സി.ജോസഫ്, ഡോ.എം.കെ.മുനീർ എന്നിവരുൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പ് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 51

28-06-2011-ൽ മറുപടിക്ക്

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>,, പി. സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജ വകുപ്പു മന്ത്രി |

(എ) സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പഞ്ചായത്തുകൾ നടപ്പാക്കുന്ന വൈദ്യുത പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വീതം വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(എ) & (ബി) പഞ്ചായത്ത് രാജ് ബിൽ പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാൻ തീരുമാനിച്ചതിനെ തുടർന്ന് 1998-99 വർഷങ്ങളിലായി താഴെ പറയുന്ന പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

| പദ്ധതി | ജില്ലാ പഞ്ചായത്ത് | G.O. Date |
|---|---|---|
| മീൻവല്ലം (3 MW/8.37Mu) | പാലക്കാട് | 20.04.1998 |
| അരിപ്പാറ (3 MW/8.77Mu) | കോഴിക്കോട് | 17.03.1999 |
| കലങ്കി 0.8 MW | കണ്ണൂർ | 14.07.1998 |
| ആട്യൻപാറ (3.75 MW/9.01Mu) | മലപ്പുറം | 17.03.1998 |
| പാലക്കുഴി (1 MW/3.78 Mu) | പാലക്കാട് | 14.02.2011 |
| മാങ്കുളം 110 KW | ഇടുക്കി | |

ഇവയിൽ പാലക്കാട് പഞ്ചായത്ത് ഏറ്റെടുത്ത മീൻവല്ലം പദ്ധതിക്കു മാത്രമേ ഇപ്പോൾ നിർമ്മാണ പുരോഗതിയുള്ളു. ഈ പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. പാലക്കുഴി പ്രോജക്ട് 2 വർഷത്തിനുള്ളിൽ, ആവശ്യമായ വനഭൂമിയും നടപ്പാക്കാനാവശ്യമായ തുകയും ലഭിക്കുന്ന മുറയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആട്യൻപാറ പദ്ധതി ബോർഡ് ഏറ്റെടുത്ത് ടെണ്ടർ ചെയ്തു.

110 KW ന്റെ മാങ്കുളം മൈക്രോജലവൈദ്യുത പദ്ധതി മാങ്കുളം പഞ്ചായത്ത് EMC യുടെയും UNIDO യുടെയും സാങ്കേതിക സാമ്പത്തിക സഹായത്തോടെ 2004 ൽ ഒരു standalone പദ്ധതിയായി പൂർത്തീകരിച്ച് വൈദ്യുതി ഗ്രിഡ് എത്തിയിട്ടില്ലാത്ത മാങ്കുളത്തു ഉല്പാദനവും വിതരണവും നടത്തുകയുണ്ടായി. Kerala State Electricity Board ഗ്രിഡ് മാങ്കുളത്ത് വന്നതിനുശേഷം ഈ പദ്ധതി മുടങ്ങി ക്കിടക്കുകയാണ്. ഈ പദ്ധതി പുനരുദ്ധരിച്ച് Kerala State Electricity Board ഗ്രിഡിൽ synchronise ചെയ്യുന്നതിനുള്ള നടപടികൾ മാങ്കുളം പഞ്ചായത്തും ഇ.എം.സിയും സംയുക്തമായി ആരംഭിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട വൈദ്യുത പദ്ധതികൾക്ക് ആവശ്യമായ തുക എപ്രകാരമാണ് സമാഹരിക്കുന്നത് ; ഈ ഇനത്തിൽ പ്രത്യേക സഹായം സർക്കാർ നൽകുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) മീൻവല്ലം പദ്ധതി ചെലവിന്റെ ഇക്വിറ്റി വിഹിതം ജില്ലാ പഞ്ചായത്തും ബാക്കി കടമായി NABARD പോലെയുള്ള ഏജൻസികൾ വഴിയും സമാഹരിക്കുന്നു. ഈ വകയിൽ സർക്കാർ സഹായം നൽകുന്നില്ല. മാങ്കുളം ചെറുകിടജലസേചനപദ്ധതിക്കുള്ള തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് കണ്ടെത്തിയത്. ഭരണഘടനയുടെ 73, 74 ഭേദഗതി പ്രകാരം വികേന്ദ്രീകൃത ഊർജ്ജോൽപ്പാദനത്തിനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ പദ്ധതി ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കാവുന്നതാണ്.

(ഡി) സംസ്ഥാനത്ത് അനുയോജ്യമായ സ്ഥലങ്ങളിൽ ചെറുകിട വൈദ്യുത പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) നടപടി സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 52

28/06/2011-ൽ മറുപടിക്ക്

## കുടുംബശ്രീ മിഷന്റെ പ്രവർത്തനം സജീവമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി:<br>ഡോ. ടി. എം. തോമസ് ഐസക്:<br>ശ്രീമതി പി. അയിഷാപോറ്റി:<br>ശ്രീമതി. കെ. എസ്. സലീഖ: | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സത്രീ ശാക്തീകരണത്തിലും സംസ്ഥാനത്തെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും കുടുംബശ്രീ മിഷൻ വഹിക്കുന്ന പങ്ക് എന്താണെന്ന് വിശദമാക്കാമോ; | (എ) സ്ത്രീ ശാക്തീകരണത്തിലും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും നിർണ്ണായക സംഭാവനക ളാണ് കുടുംബശ്രീ നൽകികൊണ്ടിരിക്കുന്നത്. 38.83 ലക്ഷം കുടുംബങ്ങളുടെ പ്രാതിനിധ്യം ഇന്ന് കുടുംബശ്രീക്കുണ്ട്. സംസ്ഥാന സർക്കാ രിന്റെയും പഞ്ചായത്ത് നഗരസഭകളുടെയും വിവിധ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾക്കു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികളും കുടും ബശ്രീ സംഘടനാ സംവിധാനത്തിന്റെ സാമൂഹ്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നുണ്ട്. ജാതി-മത-കക്ഷി രാഷ്ട്രീയ ഭേദമന്യേ സമൂഹത്തിലെ എല്ലാ വിഭാഗം സ്ത്രീകൾക്കും ഒത്തു ചേരുന്ന തിനും, പ്രാദേശിക വികസന പ്രവർത്തനങ്ങ ളിൽ പങ്കാളിത്തം വഹിക്കുന്നതിനുമുള്ള പൊതു തലമാണ് കുടുംബശ്രീ സംഘടനാ സംവിധാനം പ്രദാനം ചെയ്ത് വരുന്നത്. വിവിധ സർക്കാർ വകുപ്പുകളുടേയും, വികസന ഏജൻസികളു ടേയും ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ഫല പ്രദമായി ഏകോപിപ്പിക്കുന്നതിനും, സംയോജി പ്പിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സിഡി |

എസ് കർമ്മപദ്ധതി പ്രയോജനപ്പെടുന്നുണ്ട്. 1611 കോടി രൂപയുടെ ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ നടക്കുന്നുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെയുള്ള സാമ്പത്തിക ശാക്തീകരണ പ്രവർത്തനത്തിൽ കുടുംബശ്രീ നിർണ്ണായക സംഭാവന ചെയ്യുന്നുണ്ട്. വിഭവങ്ങളിന്മേലുള്ള ഉടമസ്ഥത, തീരുമാനമെടുക്കുന്നതിനുള്ള അവകാശം എന്നിവ ആർജ്ജിക്കുന്നതിലൂടെ മാത്രമേ സാമ്പത്തിക ശാക്തീകരണത്തെ സുസ്ഥിരമാക്കാൻ കഴിയൂ. അയൽക്കൂട്ടാംഗങ്ങളുടെ ജീവിതാനുഭവങ്ങൾ അടിസ്ഥാനമാക്കി സ്ത്രീശാക്തീകരണത്തിനുള്ള പ്രത്യേകപാഠാവലിയുടെ സഹായത്തോടെ സ്ത്രീപദവിസ്വയം പഠനപരിപാടി നടക്കുന്നുണ്ട്.

(ബി) കുടുംബശ്രീ മിഷന്റെ പ്രവർത്തനം കൂടുതൽ സജീവമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രവർത്തനം വിപുലപ്പെടുത്തുവാൻ പരിഗണിച്ചുവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഉണ്ട്.

1. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ നേതൃത്വ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾക്ക് യഥാസമയം പിന്തുണ നൽകുന്നതിനും സഹായകമായ രീതിയിൽ രൂപീകരിച്ച സാമൂഹ്യാധിഷ്ഠിത പരിശീലന സംഘങ്ങളിലൂടെ അയൽക്കൂട്ടം, എ.ഡി.എസ്/സി.ഡി.എസ് സംവിധാനങ്ങൾക്കും സംരംഭങ്ങൾ, സംഘകൃഷി, വിപണനഗ്രൂപ്പുകൾ എന്നിവയുടെ നേതൃത്വശേഷി ഉയർത്തുന്നതിനുള്ള പ്രത്യേക പരിശീലന പദ്ധതിക്ക് ഊന്നൽ നൽകുന്നതാണ്.

2. ഡിജിറ്റൈസ്ഡ് എം.ഐ.എസ്. സഹായത്തോടെ സി.ഡി.എസ് കമ്മിറ്റിക്ക് അയൽക്കൂട്ട പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുന്നതിനുള്ള വൈദഗ്ധ്യ പരിശീലനത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

3. കുടുംബശ്രീ സംരംഭങ്ങളുടെ ഗുണനിലവാരവും ഉത്പാദനവും വിപണനവും

വിപുലപ്പെടുത്തുന്നതിന് സംരംഭകരുടെ നേതൃത്വത്തിലുള്ള കൺസോർഷ്യം, പ്രൊഡ്യൂസർ കമ്പനി മുതലായവ രൂപീകരിച്ച് ശാക്തീകരിക്കാൻ നടപടി എടുക്കും.

4. വിപണി വികസനത്തിന്റെ ഭാഗമായി മാസചന്തയും റീട്ടെയിൽ ഷോപ്പുകളും വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

5. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ സംഘകൃഷി വിപുലപ്പെടുത്തുവാനുള്ള പ്രത്യേക കർമ്മപദ്ധതി രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) കുടുംബശ്രീയുടെ നിർവാഹകസമിതി പുതിയ സാഹചര്യത്തിൽ ഏത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലായിരിക്കുമെന്ന് വെളിപ്പെടുത്താമോ; | (സി) ഡോ. എം. കെ. മുനീർ, പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ |
| (ഡി) പഞ്ചായത്തുകളും നഗരസഭകളും വ്യത്യസ്ത വകുപ്പുകളുടെ കീഴിലായിരിക്കുന്നത് കുടുംബശ്രീ പദ്ധതി നിർവ്വഹണത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) പഞ്ചായത്തുകളും നഗരസഭകളും വ്യത്യസ്ത മന്ത്രിമാരുടെ കീഴിലാണെങ്കിലും, ഭരണനിർവ്വഹണത്തിൽ ഒരു വകുപ്പായാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 53 — 28.06.2011 -ൽ മറുപടിയ്ക്ക്

## എന്റെ മരം പദ്ധതി

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.പി.തിലോത്തമൻ** | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പാക്കിയ എന്റെ മരം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് മൊത്തം എത്ര വൃക്ഷത്തൈകൾ നൽകി എന്ന് വെളിപ്പെടുത്തുമോ; | എ) വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പാക്കിയ എന്റെ മരം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ഇതുവരെ 97.39 ലക്ഷം തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളെ തുടർന്നും നിലനിർത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | ബി) എന്റെ മരം പദ്ധതി പ്രകാരം ഒരോ കുട്ടിക്കും വിതരണം ചെയ്യുന്ന തൈകൾ അവരവർ തന്നെയാണ് തങ്ങളുടെ പുരയിടങ്ങളിൽ വച്ചു പിടിപ്പിക്കുന്നത്. തുടർന്നുള്ള സംരക്ഷണം കുട്ടിയും, കുട്ടിയുടെ കുടുംബാഗങ്ങളും ചേർന്നാണ് നിർവ്വഹിക്കുന്നത്. |
| സി) സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളേയും വിദ്യാർത്ഥികളേയും ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ-സർക്കാരിതര വിദ്യാലയങ്ങളിലെയും 5 മുതൽ 9-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 54 — 28-06-2011-ൽ മറുപടിയ്ക്ക്

## സ്പോർട്സ് നയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. സി. മമ്മൂട്ടി:<br>ശ്രീ. കെ.എൻ.എ. ഖാദർ:<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്: | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ)<br>സ്പോർട്സ് രംഗത്ത് സംസ്ഥാനത്തെ കുട്ടികൾക്ക് അർഹമായ സ്ഥാനം നേടികൊടുക്കാനുതകുന്ന സ്പോർട്സ്നയം ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദമാക്കുമോ; | (എ)<br>സംസ്ഥാനത്ത് സ്പോർട്സ് നയം പ്രഖ്യാപിച്ചിട്ടില്ല. സ്പോർട്സ് നയം ആവിഷ്ക്കരിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുന്നതാണ്. |
| (ബി)<br>കഴിവുള്ളകുട്ടികൾക്ക്ഉയർന്നു വരാനുള്ള അവസരം നിഷേധിക്കുന്ന നിലവിലെ നയം പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി)<br>ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി)<br>വ്യാജ അസോസിയേഷനുകളെയും പ്രവർത്തനരഹിതമായവയേയും കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (സി)<br>ഇത്തരത്തിലുള്ള അസോസിയേഷനുകളെ കണ്ടെത്താൻ സ്പോർട്സ് കൗൺസിൽ നടപടി ആരംഭിച്ചിട്ടുണ്ട്. |

(ഡി)

സ്പോർട്സ് മേഖലയിൽ പരിചയമുള്ളവർ മാത്രം ഈ രംഗത്ത് കടന്നുവരുന്ന വിധം നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുമോ ?

(ഡി)

2000-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് ആക്ട് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗത്തിൽ നിന്നും ഒരാളെയാണ് സർക്കാർ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി നാമനിർദ്ദേശം ചെയ്യേണ്ടത്.

2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലേയ്ക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെടുന്ന കായിക മേഖലയുമായി ബന്ധപ്പെട്ട അംഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

i. കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നുള്ള നാല് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ

ii. അന്തർദേശീയ അല്ലെങ്കിൽ ദേശീയ നിലവാരമുള്ള രണ്ട് സ്പോർട്സ് വിദഗ്ധർ - അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

2000-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് ആക്ട് പ്രകാരം ജില്ലാ കളക്ടർമാർ സ്പോർട്സ് മേഖലയിൽ നിന്നും ജില്ലാ സ്പോർട്സ് കൗൺസിലുകളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുടെ വിവരം ചുവടെ കൊടുക്കുന്നു.

i. ജില്ലയ്ക്കകത്തുള്ള കോളേജിലെ ഒരു കായികാദ്ധ്യാപകൻ

ii. ജില്ലയ്ക്കകത്തുള്ളതും ജില്ലാതല സ്പോർട്സ് മത്സരങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ളതുമായ ഒരു വിദ്യാർത്ഥിയും, ഒരു വിദ്യാർത്ഥിനിയും

iii. സ്പോർട്സ് മെഡിസിനിൽ മതിയായ നിപുണതയുള്ള ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ

iv. അന്തർദേശീയ അല്ലെങ്കിൽ ദേശീയ നിലവാരത്തിൽ സ്പോർട്സിൽ നേട്ടം കൈവരിച്ചിട്ടുള്ള വിദഗ്ധരായ രണ്ടു പേർ അവരിൽ ഒരാൾ വനിത യായിരിയ്ക്കേണ്ടതാണ്.

സ്പോർട്സ് മേഖലയിൽ പരിചയമുള്ളവരെ കൂടുതൽ ഉൾക്കൊള്ളുന്ന രീതിയിലുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ ആയത് പരിഗണിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 28.06.2011-ൽ |
| ചോദ്യം നമ്പർ : * 55 | മറുപടിക്ക്. |

## വ്യവസായ മേഖലയിലെ മാന്ദ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ കേരളത്തിന്റെ വ്യാവസായിക വളർച്ചയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) 2011 മാർച്ച് മാസം 31 വരെയുള്ള അഞ്ചു വർഷക്കാലത്തിനുള്ളിൽ കേരളത്തിൽ 32089 സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയുണ്ടായി. 3288.54 കോടി രൂപയുടെ നിക്ഷേപവും 2,19,588 പുതിയ തൊഴിലവസരങ്ങളും ഇതുവഴിയുണ്ടായി. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ചെറുകിട-ഇടത്തരം-സൂക്ഷ്മ സംരംഭങ്ങളെ--ക്കുറിച്ച് വിവരം വ്യവസായ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമല്ലാത്തതിനാൽ ഒരു താരതമ്യത്തിന് കഴിയുന്നില്ല. 2010-11 വർഷത്തിൽ കേരളത്തിൽ സ്ഥാപിച്ചത് 8,840 സംരംഭങ്ങളാണ്. 1,144 കോടി രൂപയുടെ നിക്ഷേപവും, 67,605 തൊഴിലവസരങ്ങളും ഇതു വഴിയുണ്ടായി. കേരളത്തിന്റെ ഉൽപ്പാദന മേഖലയിൽ ഉള്ള വളർച്ചാ നിരക്കും, ഉൽപാദന മേഖലയുടെ സംഭാവനയും താഴെ കൊടുത്തിരിക്കുന്നു. |

| | വളർച്ചാ നിരക്ക് | സംഭാവന |
|---|---|---|
| 2006-2007 | 18.64% | 7.93% |
| 2007-2008 | 9.8% | 7.94% |
| 2008-2009 | 12.62% | 7.80% |

ഇതു ദേശീയ ശരാശരിയേക്കാൾ കുറവാണ്.

(തുടർച്ച.....2)

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ കേരളത്തിന്റെ വ്യാവസായിക മേഖലയിലെ മുൻഗണനാ മേഖലകൾ ഏതെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് കേരളത്തിൽ റബ്ബർ വ്യവസായം, കാർഷിക ഭക്ഷ്യ ഉൽപന്ന വ്യവസായങ്ങൾ, വസ്ത്ര നിർമ്മാണം, ലൈറ്റ് എൻജിനിയറിംഗ്, ഐ.റ്റി മേഖലയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾ, ആയുർവേദ ഉൽപന്ന വ്യവസായങ്ങൾ മൈനിംഗ്, സമുദ്രോൽപന്ന വ്യവസായങ്ങൾ, ബയോ--ടെക്നോളജി, നൂറു ശതമാനം കയറ്റുമതി ചെയ്യുന്ന വ്യവസായങ്ങൾ എന്നിവയെയാണ് മുൻഗണനാ മേഖലകളായി കണക്കാക്കി സഹായം നൽകുന്നത്. ഇതു കൂടാതെ അഗ്രോ പ്രോസസ്സിങ്ങ്, ആരോഗ്യ മേഖല, വിജ്ഞാനധിഷ്ഠിത വിദ്യാഭ്യാസം, സേവന വാണിജ്യ മേഖലകൾ, പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണം എന്നിവയ്ക്കും മുൻഗണന നൽക്കുന്നുണ്ട്.

(സി) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ലക്ഷ്യമാക്കി എന്തെല്ലാം പ്രധാന പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ?

(സി) സംസ്ഥാന സർക്കാരിന്റെ പുതിയ വ്യവസായ നയം 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 56

28-06-2011-ൽ മറുപടിക്ക്

## പുതിയ ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി.അബ്ദുൾ റസാക്<br>" സി. മോയിൻകുട്ടി<br>" കെ. മുഹമ്മദുണ്ണി ഹാജി<br>" എം. ഉമ്മർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജ വകുപ്പു മന്ത്രി |
| (എ) ജലവൈദ്യുത പദ്ധതികളിലൂടെയുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ജലവൈദ്യുത പദ്ധതികളിലൂടെയുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് പഠനങ്ങൾ നടന്നു വരുന്നു. കേരളത്തിൽ മൈക്രോഹൈഡൽ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം അനെർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ സാധ്യതാ പഠനപ്രകാരം 867 സൈറ്റുകൾ കണ്ടെത്തുകയും ഇതിൽ 331 MW വൈദ്യുതി ഉൽപാദിപ്പിക്കുവാൻ കഴിയുമെന്നും കണക്കാക്കിയിട്ടുണ്ട്. |
| (ബി) പരിസ്ഥിതിക്ക് കോട്ടം വരുത്താതെ പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നിലവിലുള്ള പദ്ധതികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള വിഭവസമ്പത്ത് സംസ്ഥാനത്തിന് ലഭ്യമാണോ ; | (ബി) ലഭ്യമാണ് |
| (സി) എങ്കിൽ അത്തരം വിഭവ സ്രോതസ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദവിവരം നല്കാമോ ; | (സി) ഉണ്ട്. നിലവിലുള്ള ജലസംഭരണികളിലെ ജലം പൂർണ്ണതോതിൽ വിനിയോഗിക്കുന്നതിനായി വിപുലീകരണപദ്ധതികൾ നടപ്പാക്കാനുള്ള പഠനങ്ങൾ നടന്നു വരുന്നു. പൊരിങ്ങൽകുത്ത് SHEP, അപ്പർ ചെങ്കുളം എന്നീ പദ്ധതികൾ |

ഇത്തരത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ളതാണ്. ടെണ്ടർ ചെയ്തിട്ടുള്ള മാങ്കുളം ജലവൈദ്യുത പദ്ധതിയിലേക്ക് കൂടുതൽ ജലം എത്തിക്കുന്നതിനായി മാങ്കുളം-രാജമല-കടലാർ ഡൈവേർഷൻ സ്കീം ആവിഷ്കരിച്ചു വരുന്നു. വലിയ ജലസംഭരണികൾ നിർമ്മിക്കാതെ തന്നെ നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ടെയിൽറേസ് ഉപയോഗപ്പെടുത്തി വൈദ്യുതി നിലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പഠനങ്ങളും നടന്നുവരുന്നു. കൂടാതെ നിലവിലുള്ള ജലവൈദ്യുത നിലയങ്ങളിലെ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി RMU ആയി ബന്ധപ്പെട്ട സാധ്യതാ പഠനങ്ങളും നടന്നു വരുന്നു. അതിന്റെ ഭാഗമായി കപ്പാസിറ്റി അഡിഷനും നടന്നു വരുന്നു. പൊരിങ്ങൽകുത്ത്, ഷോളയാർ എന്നീ നിലയങ്ങളിലെ നവീകരണ/ശേഷി വർദ്ധിപ്പിക്കൽ ജോലികൾ 12-ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. പരിസ്ഥിതിക്ക് കോട്ടം വരുത്താതെ പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനായി അടുത്ത മൂന്നു വർഷത്തിനുള്ള DPR പൂർത്തിയാക്കേണ്ട പദ്ധതികൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. അനർട്ട് പൂർത്തിയാക്കിയ സാധ്യതാ പഠനപ്രകാരം 867 സൈറ്റുകൾ കണ്ടെത്തുകയും ഇതിൽ 331 MW വൈദ്യുതി ഉൽപാദിപ്പിക്കുവാൻ കഴിയുമെന്നും കണക്കാക്കിയിട്ടുണ്ട്. അവയുടെ ജില്ലാതല വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുള്ളിൽ വൈദ്യുതി ഉപയോഗത്തിലുണ്ടായ വർദ്ധനയ്ക്ക് ആനുപാതികമായ ഉല്പാദന വർദ്ധന ജലവൈദ്യുത മേഖലയിൽ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇല്ല. ഉപയോഗത്തിലുണ്ടായ വർദ്ധനവ് 21.73% ഉം ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയിലുണ്ടായ വർദ്ധനവ് 8.5%ഉം ആണ്. |

സെക്ഷൻ ഓഫീസർ

2013 - 2014

1. പെരുന്തേനരുവി - II - 4.5 മെഗാവാട്ട്
2. ഇണ്ടവഴൻചാൽ - 4.5 "
3. പതംകയം - 4.5 "
4. പാൽചുരം - II - 6 "
5. പാൽചുരം - III - 3.75 "
6. കിഴാർകുത്ത് - 15 "
7. കണ്ണൻകുഴി - 7 "
8. മുരിക്കടവ് - 2 "
9. അവർകുട്ടി - ചിറ്റൂർ - 10 "
10. മങ്കുളം - III - തങ്ങള - } കടലാർ ഡൈവേർഷൻ } -

<u>2013 - 2014</u>

1. പെരുന്തേനരുവി - II - 4.5 മെഗാവാട്ട്
2. ഇണ്ടംപൻചാൽ - 4.5 "
3. പതംകയം - 4.5 "
4. പാൽച്ചുരം - II - 6 "
5. പാൽച്ചുരം - III - 3.75 "
6. കീഴാർകുത്ത് - 15 "
7. ഒണ്ണൻകുഴി - 7 "
8. ആറിക്കടവ് - 2 "
9. ആവർകുട്ടി - ചിറ്റൂർ - 10 "
10. കക്കയം - III - തങ്ങള - } കടലാക്കി ഡൈവേർഷൻ } -

അനുബന്ധം - II

**ചെറുകിട ജലവൈദ്യുത പദ്ധതി - സാധ്യതാ പഠനം - ജില്ലാതല വിവരങ്ങൾ**

| നമ്പർ | ജില്ല | സൈറ്റുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 49 |
| 2. | കൊല്ലം | 31 |
| 3. | പത്തനംതിട്ട | 39 |
| 4. | കോട്ടയം | 32 |
| 5. | ഇടുക്കി | 262 |
| 6. | എറണാകുളം | 23 |
| 7. | തൃശ്ശൂർ | 42 |
| 8. | പാലക്കാട് | 48 |
| 9. | മലപ്പുറം | 59 |
| 10. | കോഴിക്കോട് | 53 |
| 11. | വയനാട് | 48 |
| 12. | കണ്ണൂർ | 88 |
| 13. | കാസർഗോഡ് | 93 |
| **ആകെ** | | ***867*** |

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.57 | 28.06.2011-ൽ മറുപടിയ്ക്ക്

## ബി.പി.എൽ. ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി) |
| എ. മുൻ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റിൽ നിരവധി അപാകതകൾ ഉള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ. ഉണ്ട്. പ്രസിദ്ധീകരിച്ച ബി.പി.എൽ. ലിസ്റ്റിൽ അർഹതയുണ്ടായിട്ടും ഉൾപ്പെടാതെ പോയി എന്നുള്ള വളരെയധികം പരാതികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ അനർഹരായവർ ഉൾപ്പെട്ടിട്ടുണ്ടെന്ന ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് അപേക്ഷകൾ/ആക്ഷേപങ്ങൾ പരാതികൾ എന്നിവ സമർപ്പിയ്ക്കുന്നതിന് അവസരം നൽകിയിരുന്നു. എന്നാൽ ഇവ പരിശോധിച്ച് തീർപ്പ് കൽപ്പിയ്ക്കുന്നതിന് കഴിഞ്ഞിട്ടില്ല. ലഭിച്ച അപേക്ഷകൾ/ആക്ഷേപങ്ങൾ/പരാതികൾ എന്നിവ പരിശോധിച്ച് അർഹരായ കുടുംബങ്ങളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും അനർഹരായവരെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിയ്ക്കുന്നതിന് ഉദ്ദേശിയ്ക്കുന്നു. |
| ബി. ലിസ്റ്റ് തയ്യാറാക്കാൻ മുൻ സർക്കാർ സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ; | ബി. ദാരിദ്ര്യ വിഭാഗങ്ങളായി പരിഗണിക്കാൻ അർഹതയില്ലാത്ത സർക്കാർ, സ്വകാര്യ, അർദ്ധസർക്കാർ, എയിഡഡ് ,സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർക്കാർ/സർവ്വീസ് പെൻഷണർമാർ, അർദ്ധസർക്കാർ/എയിഡഡ് സ്ഥാപനങ്ങളിലേയും സഹകരണ സ്ഥാപനങ്ങളിലേയും പെൻഷണർമാർ, പൊതുമേഖലാ പ്രൈവറ്റ് സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ എന്നിവരുടെ കുടുംബങ്ങളേയും 1000 സ്വയർ ഫീറ്റിലധികം വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വീട് ഉടമസ്ഥാവകാശമുള്ള കുടുംബങ്ങളേയും സ്വകാര്യ ഉപയോഗത്തിന് നാല് ചക്ര മോട്ടോർ വാഹനം ഉടമസ്ഥാവകാശത്തിലുള്ള കുടുംബങ്ങളേയും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ആൾ ഉള്ള കുടുംബങ്ങളേയും പട്ടികവർഗ്ഗക്കാരൊഴികെ ഒരു ഏക്കറിൽ അധികം കാർഷിക ഭൂമി കൈവശാവകാശത്തിലുള്ള കുടുംബങ്ങളേയും, |

ഒഴിവാക്കിയ ശേഷം ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി ഇപ്രകാരം തയ്യാറാക്കിയ പട്ടികയിൽ നിന്നും കുടുംബത്തിന്റെ ശേഷിക്കുറവിനെ ആധാരമാക്കിയുള്ള ഒമ്പത് സൂചകങ്ങൾക്ക് ലഭിക്കുന്ന വെയിറ്റേജ് മാർക്കിന്റേയും ഉടമസ്ഥാവകാശങ്ങളെ ആധാരമാക്കിയുള്ള 6 സൂചകങ്ങൾക്ക് ലഭിക്കുന്ന വെയിറ്റേജ് മാർക്കിന്റെയും അടിസ്ഥാനത്തിൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുക എന്നതായിരുന്നു ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാന മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

ദാരിദ്ര്യ വിഭാഗങ്ങളിലായി പരിഗണിക്കാൻ അർഹതയില്ലാത്ത കുടുംബങ്ങളെ ഒഴിവാക്കുന്നതിനുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളിൽ നിന്നും ദാരിദ്ര്യ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച സൂചകങ്ങളും അവയുടെ വെയിറ്റേജ് മാർക്കും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

നഗരപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.

സി. ബി.പി.എൽ. കാരെ നിശ്ചയിക്കുന്നതിന് കേന്ദ്രസർക്കാർ എന്തെങ്കിലും ഗൈഡ്‌ലൈൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നൽകാമോ ;

സി. പുറപ്പെടുവിച്ചിരുന്നു. 2002-ൽ ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യ രേഖാ സെൻസസ്സ് നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിരുന്നു.

കൈവശാനുഭവത്തിലുള്ള ഭൂമിയുടെ അളവ്, വീടിന്റെ സ്ഥിതി, വസ്ത്രങ്ങളുടെ ശരാശരി ലഭ്യത, ഭക്ഷ്യസുരക്ഷ, സാനിട്ടറി കക്കൂസിന്റെ ലഭ്യത, ഗൃഹോപകരണങ്ങളുടെ ഉടമസ്ഥാവകാശം, സാക്ഷരതാ നിലവാരം, തൊഴിൽ നിലവാരം തുടങ്ങി 13 സൂചകങ്ങൾക്ക് കുടുംബങ്ങൾക്ക് ലഭിയ്ക്കുന്ന മാർക്കിനെ അടിസ്ഥാനമാക്കി, മേൽ പരാമർശിച്ച കണക്കിൽ അധികരിയ്ക്കാത്ത വിധത്തിൽ ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കണമെന്നുമാണ് കേന്ദ്രഗ്രാമവികസന മന്ത്രാലയം നിർദ്ദേശിച്ചിരുന്നത്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യ രേഖാ സെൻസസ്സിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തിലെ പാവപ്പെട്ട ആളുകളുടെ കണക്കുകളിൽ കൂടാൻ പാടില്ലായെന്നും

കേന്ദ്രഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരുന്നു. സംസ്ഥാനത്തിന്റെ കാര്യത്തിൽ ഇത് 10.25 ലക്ഷം കുടുംബങ്ങളായി പരിമിതപ്പെടുത്തണമായിരുന്നു.

ഈ വർഷം (2011)-ൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായുള്ള ഒരു സോഷ്യോ ഇക്കണോമിക് സർവ്വേ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി താഴെപ്പറയുന്ന രീതിയാണ് നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ളത്.

(i). ഒന്നാമതായി ഇതിനായി നിർദ്ദേശിച്ചിട്ടുള്ള 13 ഇന മാനദണ്ഡങ്ങളിൽപ്പെടുന്ന കുടുംബങ്ങളെ ഒഴിവാക്കുക.

(ii). രണ്ടാമതായി ഒഴിവാക്കൽ മാനദണ്ഡങ്ങൾക്ക് വിധേയമായി ഭവനരഹിതർ, പരാശ്രയത്തിൽ ജീവിയ്ക്കുന്നവർ, തോട്ടിപ്പണി ചെയ്യുന്നവർ, പട്ടികവർഗ്ഗ വിഭാഗങ്ങൾ, അടിമപ്പണിയിൽ നിന്ന് മോചിതരായവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്നവരെ ഉൾപ്പെടുത്തുക.

(iii). മേൽപരാമർശിച്ച ഒന്ന്, രണ്ട് എന്നിവയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ബാക്കിയുള്ള കുടുംബങ്ങൾക്ക് ശേഷിക്കുറവിനെ ആധാരമാക്കിയുള്ള ഏഴ് സൂചകങ്ങൾക്ക് ലഭിയ്ക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലാനിംഗ് കമ്മീഷൻ തിട്ടപ്പെടുത്തിയ സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളുടെ എണ്ണത്തിൽ അധികരിയ്ക്കാത്ത വിധത്തിൽ ബി.പി.എൽ. പട്ടികയിൽ കുടുംബങ്ങളെ ഉൾപ്പെടുത്തുക.

| | | | |
|---|---|---|---|
| ഡി. | കേന്ദ്ര സർക്കാർ മാനദണ്ഡത്തിൽ സംസ്ഥാന സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | ഡി. | 2002-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്തമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് 2011-ൽ സംസ്ഥാനത്ത് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. |
| ഇ. | ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയതിൽ പ്രത്യേക പരിഗണനകൾ ഉണ്ടായിട്ടുണ്ടെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ച് അപാകതകൾ പരിഹരിക്കുമോ ? | ഇ. | അർഹയുള്ള എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം I

ദരിദ്ര കുടുംബങ്ങളായി പരിഗണിയ്ക്കാൻ അർഹതയില്ലാത്ത കുടുംബങ്ങളെ ഒഴിവാക്കുന്നതിന് മാനദണ്ഡങ്ങൾ

(1) സർക്കാർ ജീവനക്കാർ ഉള്ള കുടുംബം
(ക്ലാസ്സ് 1 മുതൽ ക്ലാസ്സ് IV വരെ)

(2) സ്വകാര്യ /അർദ്ധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം

(3) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം

(4) സർക്കാർ /സർവ്വീസ് പെൻഷണർമാർ ഉള്ള കുടുംബം

(5) അർദ്ധ സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിയ്ക്കുന്നവർ ഉള്ള കുടുംബം

(6) സഹകരണ സ്ഥാപനങ്ങളിലെ പെൻഷണർമാർ ഉള്ള കുടുംബം

(7) പൊതുമേഖല/ പ്രൈവറ്റ് സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉള്ള കുടുംബങ്ങൾ (പരമ്പരാഗത തൊഴിൽ മേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒഴികെ)

(8) 1000 ച.അ അധികം വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വീട് ഉടമസ്ഥാവകാശത്തിലുള്ള കുടുമബം

(9) സ്വകാര്യ ഉപയോഗത്തിനുള്ള 4 ചക്ര മോട്ടോർ വാഹനം ഉടമസ്ഥതയിലുള്ള കുടുംബം

(10) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ഉള്ള കുടുംബം

(11) പട്ടിക വർഗ്ഗക്കാരൊഴികെ ഒരേക്കറിൽ അധികം കാർഷിക ഭൂമി കൈവശത്തിലുള്ള കുടുംബം

സെക്ഷൻ ഓഫീസർ

അനുബന്ധം - II

ദാരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള

സൂചകങ്ങളും - അവയുടെ വെയിറ്റേജും

| ക്രമ നം. | സൂചകങ്ങൾ | വെയിറ്റേജ് മാർക്ക് | റിമാർക്സ് |
|---|---|---|---|
| എ. ശേഷിക്കുറവിനെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | | |
| 1. | സ്ത്രീ ഗൃഹനാഥയായ കുടുംബം | 05 | |
| 2. | അവിവാഹിതയായ അമ്മ/ഉപേക്ഷിക്കപ്പെട്ട സ്ത്രീ/വിധവ | 05 | |
| 3. | മാരകമായ രോഗങ്ങൾ- കാൻസർ, വൃക്കകളുടെ തകരാറ്, പക്ഷാഘാതം, എയിഡ്സ്, സ്ഥിരമായ കുഷ്ഠം, ഹൃദ്രോഗം, എന്നിവ | 05 | |
| 4. | സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ, സ്വകാര്യ മേഖലയിലോ, സ്ഥിര വരുമാനമുള്ള തൊഴിൽ ഇല്ലാത്തവർ | 05 | |
| 5. | സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ചവർ (20 വയസ്സിൽ താഴെ) | 05 | |
| 6. | വൃദ്ധർ (65 വയസ്സിനു മുകളിൽ) | 05 | |
| 7. | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ | 10 | |
| 8. | പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ/മുഖ്യതൊഴിൽ അനുസരിച്ച് പ്രത്യേക പരിഗണന നൽകുന്ന കുടുംബങ്ങൾ<br>1. കൂലിവേല<br>2. പട്ടികജാതി<br>3. കർഷക തൊഴിലാളി<br>4. പരമ്പരാഗത മീൻപിടുത്തക്കാർ<br>5. പട്ടികവർഗം<br>6. കെട്ടിട നിർമ്മാണപണി സഹായി<br>7. മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ടവർ<br>8. ഹോട്ടൽ തൊഴിലാളികൾ<br>9. ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ<br>10. തയ്യൽക്കട/തയ്യൽജോലി/എംബ്രോയിഡറി<br>11. കയർ തൊഴിലാളി<br>12. ചുമട്ടുതൊഴിലാളി<br>13. വർക്ക്ഷോപ്പ് തൊഴിലാളികൾ<br>14. തട്ടുകട/പെട്ടിക്കട നടത്തുന്നവർ<br>15. തോട്ടം തൊഴിലാളി<br>16. അന്യഗൃഹങ്ങളിൽ വീട്ടുജോലി<br>17. കശുവണ്ടി തൊഴിലാളി<br>18. സ്വർണ്ണപ്പണിക്കാർ<br>19. ബീഡി തൊഴിലാളി<br>20. തെങ്ങ്/പന കയറ്റ തൊഴിലാളി<br>21. ബാർബർ<br>22. ഇരുമ്പു പണിക്കാർ (കൊല്ലപ്പണി)<br>23. നെയ്ത്ത്<br>24. പച്ചക്കറി കച്ചവടം<br>25. ക്ഷേത്രേതര വസ്തുക്കൾ കൊണ്ടുനടന്ന് വിൽക്കുന്നവർ<br>26. ലോട്ടറി ടിക്കറ്റ് വില്പന<br>27. മത്സ്യ സംസ്കരണശാലകളിൽ ജോലി ചെയ്യുന്നവർ<br>28. വഴിയോര വാണിഭക്കാർ<br>29. കരകൗശല തൊഴിലാളി<br>30. മൺപാത്ര നിർമ്മാണം<br>31. ഈറ, മുള, പനമ്പ് പണിക്കാർ<br>32. അലക്കുകാർ | 10 | ഏതെങ്കിലും ഒരു വിഭാഗം |
| 9. | ആശ്രയ ഗുണഭോക്താവ് | 05 | |
| | ആകെ (എ) | 55 | |

| ബി. ഉടമസ്ഥാവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | | |
|---|---|---|---|
| 1. | വീട് വയ്ക്കുന്നതിന് ഭൂമിയില്ല | 10 | രണ്ടിൽ ഏതെങ്കിലും ഒന്നു മാത്രം ബാധകം |
| 2. | പുറമ്പോക്കിൽ താമസിക്കുന്നവർ | 20 | |
| 3. | വീടിന്റെ സ്ഥിതി | | |
| | എ. വീടില്ല | 10 | ഏതെങ്കിലും ഒന്നു മാത്രം ബാധകം |
| | ബി. കുടിൽ | 07 | |
| | സി. ഓല/പുല്ല് മേഞ്ഞത് | 05 | |
| | ഡി. ഭാഗികമായി പൂർത്തിയായത്/ ജീർണ്ണിച്ചത് | 03 | |
| 4. | സുരക്ഷിതമായ കക്കൂസില്ല | 05 | |
| 5. | 500 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമല്ല / കുന്നിൻ പ്രദേശങ്ങളിൽ 100 മീറ്ററിനുള്ളിൽ ലഭ്യമല്ല | 05 | |
| 6. | വൈദ്യുതി ലഭ്യമല്ല | 05 | |
| | ആകെ (ബി) | 45 | |
| | ആകെ (എ+ബി) | 100 | |

- ദാരിദ്ര്യ സൂചകത്തിന്റെ ഉപസൂചകങ്ങളിൽ ബാധകമായ ഒരു സൂചകം മാത്രമേ പരിഗണിക്കുകയുള്ളു.
- എ. വിഭാഗത്തിലെ 2,3,4,5,6,7 എന്നീ സൂചകങ്ങൾ ബാധിതമായ വ്യക്തികൾ ഒരു കുടുംബത്തിൽ ഒന്നിലധികമുണ്ടെങ്കിൽ ഒരോരുത്തർക്കും 5 മാർക്ക് വീതം നൽകുന്നതാണ് (കുടുംബത്തിന്റെ ആകെ മാർക്ക് 100 കവിഞ്ഞാലും ഇപ്രകാരം മാർക്ക് നൽകും).
- ഒന്നിലധികം കുടുംബങ്ങൾക്ക് ഒരേ മാർക്ക് ലഭിക്കുകയാണെങ്കിൽ മുൻഗണന നിശ്ചയിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡം ഉപയോഗിക്കാവുന്നതാണ്.

(1) പട്ടിക വർഗ്ഗ വിഭാഗം

(2) പട്ടിക ജാതി വിഭാഗം

(3) പുറമ്പോക്കിൽ വസിക്കുന്നവർ

(4) അവിവാഹിതയായ അമ്മ /ഉപേക്ഷിക്കപ്പെട്ട സ്ത്രീ/ വിധവ എന്നിവർ ഉൾപ്പെട്ട കുടുംബം

(5) മാരകമായ രോഗം ബാധിച്ച വ്യക്തി / വ്യക്തികൾ ഉള്ള കുടുംബം

(6) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തി/ വ്യക്തികൾ ഉള്ള കുടുംബം

(7) 65 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തി/ കൾ ഉള്ള കുടുംബം

(8) പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ

ഈ മാനദണ്ഡങ്ങളെല്ലാം ഉപയോഗിച്ചിട്ടും തുല്യമാർക്ക് ലഭിക്കുകയാണെങ്കിൽ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ (കൂടുതലുളളവർക്ക് മുന്തിയ പരിഗണന) മുൻഗണന നിശ്ചയിക്കാവുന്നതാണ്.

Sd/-
സെക്ഷൻ ഓഫീസർ

അനുബന്ധം - III

## നഗര പ്രദേശങ്ങളിലേയും ഗ്രാമ പ്രദേശങ്ങളിലേയും ദരിദ്ര്യ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ

1. നഗരപ്രദേശങ്ങൾ– നഗര പ്രദേശങ്ങളിൽ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് സാധ്യതയുള്ള കുടുംബങ്ങളുടെ പട്ടികയിൽപ്പെട്ട എല്ലാ കുടുംബങ്ങളേയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി

2. ഗ്രാമപ്രദേശങ്ങൾ

(i) ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് സാധ്യതയുള്ള കുടുംബങ്ങളുടെ പട്ടികയിലെ എല്ലാ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളെയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി.

(ii) ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് സാധ്യതയുള്ള പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ അല്ലാതെയുള്ള കുടുംബങ്ങളുടെ കാര്യത്തിൽ കുറഞ്ഞത് 16 മാർക്കോ അതിലധികമോ ലഭിക്കുന്ന കുടുംബങ്ങളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി.

(iii) മേൽ (i), (ii) മാനദണ്ഡങ്ങൾ പ്രകാരം ദാരിദ്ര്യ രേഖാ പട്ടിക തയ്യാറാക്കുമ്പോൾ, ദരിദ്ര കുടുംബങ്ങളുടെ ശതമാനം ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണത്തിന്റെ 25% – ൽ താഴെ വരുകയാണെങ്കിൽ അത്തരം ഗ്രാമപഞ്ചായത്തുകളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്ന കുടുംബങ്ങളുടെ എണ്ണം, പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ 25 ശതമാനമോ അല്ലെങ്കിൽ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണമോ അതിൽ ഏതാണോ കുറവ് എന്ന കണക്കിൽ നിജപ്പെടുത്തിയാണ് ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.58 28-6-2011-ന് മറുപടിക്ക്

<u>നഗരങ്ങളിലെ ഖരമാലന്യ നിർമ്മാർജ്ജനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) സിറ്റി കോർപ്പറേഷനുകളിലേയും, മുനിസിപ്പാലിറ്റികളിലേയും ഖരമാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ കാര്യക്ഷമമാണോ എന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | എ) പഠന വിധേയമാക്കിയിട്ടുണ്ട്. കേരളത്തിലെ മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും നിലവിലുള്ള ഖരമാലിന്യ പരിപാലന സംവിധാനത്തെ കുറിച്ച് 2007-ൽ വിശദമായ ഒരു പഠനം Water and Sanitation Project (WSP) യുടെ ധനസഹായത്തോടുകൂടി സോഷ്യോ എക്ണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) എന്ന സംഘടന വഴി നടത്തിയിരുന്നു. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടന്നു വരുന്ന ഖരമാലിന്യ പരിപാലന സംവിധാനത്തെക്കുറിച്ച് പരിശോധനകൾ നടത്തുകയും, അവിടെ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുമുണ്ട്. പ്രത്യേകിച്ച് ജനങ്ങളുടെ ഭാഗത്തു നിന്നും പരാതികൾ വന്നിട്ടുള്ള തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ ഖരമാലിന്യ പരിപാലന സംവിധാനങ്ങൾ പഠനത്തിന് വിധേയമാക്കി വേണ്ട പരിഹാര നിർദ്ദേശങ്ങൾ ശുചിത്വമിഷനിൽ നിന്ന് ,നേരിട്ടും, സംസ്ഥാന സർക്കാർ വഴിയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | നിലവിലെ മാലിന്യസംസ്കരണ പ്ലാന്റുകൾക്കെതിരെ പരിസര വാസികളുടെ എതിർപ്പുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ബാംഗ്ലൂർ സിറ്റിയിൽ വിജയകരമായി നടപ്പാക്കിയ മാലിന്യ നിർമ്മാർജ്ജന പദ്ധതികളെക്കുറിച്ച് പഠിച്ച് യുക്ത മെങ്കിൽ പ്രസ്തുതരീതി സംസ്ഥാനത്തെ നഗരങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) | ബാംഗ്ലൂർ സിറ്റി ഉൾപ്പടെയുള്ള ഇന്ത്യയിലെ ഇതര നഗരങ്ങളിൽ നിലവിലുള്ള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളെ കുറിച്ച് പഠിച്ച് വിശദാംശങ്ങൾ ശേഖരിച്ച് അവയിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ യോജിച്ചവയുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 59 — 28.06.2011-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിൻെറ നഷ്ടം നികത്താൻ നടപടി.

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. കെ. രാജു:
ശ്രീമതി.ഇ. എസ്. ബിജിമോൾ:

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; എങ്കിൽ പ്രതിദിനം എത്ര നഷ്ടമുണ്ടാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2011-12 സാമ്പത്തിക വർഷത്തിലേക്ക് സംസ്ഥാന റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച കണക്കു പ്രകാരം ബോർഡിൻെറ പ്രതിദിന നഷ്ടം 2.43 കോടി രൂപയാണ്.

(ബി) ഈ നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ നഷ്ടം നികത്തുന്നതിനുള്ള ഉചിതമായ എല്ലാ നടപടികളും പരിഗണനയിലാണ്.

(സി) 2006-ൽ പ്രസരണ നഷ്ടം എത്രയായിരുന്നുവെന്നും 2011 ഏപ്രിൽ മാസത്തിനകമുള്ള കാലയളവിൽ ഇത് എത്ര ശതമാനമായിരുന്നുവെന്നും വെളിപ്പെടുത്തുമോ ?

(സി) 2005-06 കാലയളവിലെ പ്രസരണ വിതരണ നഷ്ടം 22.97 ശതമാനമാണ്. 2010-11 കാലയളവിലെ പ്രസരണ വിതരണ നഷ്ടം തിട്ടപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.60 28-6-2011-ന് മറുപടിക്ക്

**കേരള സുസ്ഥിര നഗര വികസന പദ്ധതി**

| ചോദ്യം<br>ശ്രീ.പാലോട് രവി | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള സുസ്ഥിര നഗരവികസന പദ്ധതി പ്രകാരം ഇതിനകം എത്ര പ്രോജക്റ്റുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | എ) കേരള സുസ്ഥിര നഗര വികസന പദ്ധതിപ്രകാരം നാളിതു വരെ 19 പ്രോജക്റ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു. |
| ബി) പദ്ധതി തുടങ്ങിയശേഷം ഓരോ വർഷവും നീക്കിവച്ച തുകയിൽ എത്ര ശതമാനം വീതം ചെലവഴിച്ചു എന്ന് അറിയിക്കുമോ; | ബി) കേരള സുസ്ഥിര നഗര വികസന പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും നാളിതുവരെ പിൻവലിച്ച തുകയായ 364.46 കോടി രൂപയിൽ നിന്നും 313.82 കോടി രൂപ ചെലവഴിച്ച് ആകെ 86.10 ശതമാനം ചെലവായിട്ടുണ്ട്. ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. |
| സി) പദ്ധതി കാലാവധി എന്ന് അവസാനിക്കുമെന്നു വ്യക്തമാക്കുമോ; | സി) എ.ഡി.ബി.സഹായത്തോടെയുള്ള സുസ്ഥിര നഗര വികസന പദ്ധതിയുടെ കാലയളവ് 2012 ജൂൺ വരെയാണ്. |
| ഡി) കാലാവധിക്കുള്ളിൽ നിശ്ചയിച്ച പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കുമോ; | ഡി) നിശ്ചയിച്ച പദ്ധതികളെല്ലാം ഡിസംബർ 2012-നു മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ കെ.എസ്.യു.ഡി.പി.യുടെ കാലാവധി അടുത്ത രണ്ടു വർഷത്തേക്കു കൂടി പദ്ധതി പൂർത്തീകരണത്തിനായി നീട്ടി കിട്ടുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| ഇ) പദ്ധതി കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്നും അവ തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | ഇ) 1. <u>ടെണ്ടറുകളിൽ മത്സരം കുറയുന്നത്:</u> കോൺട്രാക്ടർമാർ ടെണ്ടറുകളിൽ പങ്കെടുക്കാത്തതു കാരണം ഒരേ പദ്ധതി തന്നെ വീണ്ടും വീണ്ടും ടെണ്ടർ ചെയ്യേണ്ടതായി വരുന്നു. ആയതിനാൽ ടെണ്ടറുകളിൽ കൂടുതൽ തദ്ദേശീയ കരാറുകാരെ പങ്കെടുപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നുണ്ട്.<br>2. <u>അടിക്കടിയുള്ള വില വർദ്ധന:</u> നിർമ്മാണ സാധനങ്ങളിലും ജോലിക്കൂലിയിലും ഇന്ധനങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന അടിക്കടിയുള്ള വിലവർദ്ധന കാരണം എസ്റ്റിമേറ്റ് തുകയിൽ നിന്നും വളരെ കൂടിയ ടെണ്ടറുകളാണ് ലഭിക്കുന്നത്. ഇതുമൂലം പദ്ധതികൾ അവാർഡ് ചെയ്യുന്നത് ദുഷ്കരമായി വരുന്നു. കമ്പോളവിലയെ അടിസ്ഥാനപ്പെടുത്തിയുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതുമായി താരതമ്യപ്പെടുത്തി ടെണ്ടറുകൾ അവാർഡ് ചെയ്യുവാൻ എംപവേർഡ് കമ്മിറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.<br>3. <u>സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച കാലതാമസം:</u> സ്ഥലം ഏറ്റെടുക്കുനതുമായി ബന്ധപ്പെട്ട നിയമനടപടികളും ചില പദ്ധതികളോടുള്ള ജനങ്ങളുടെ എതിർപ്പും കേരളത്തിൽ പൊതുവെയുള്ള സ്ഥല ദൗർലഭ്യവും കാലതാമസം ഉണ്ടാക്കുന്ന ഘടകങ്ങളാണ്. അതിനാൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്നതിനായി പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ച് വിവിധ സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

4. <u>മറ്റു സർക്കാർ വകുപ്പുകളുടെ സഹകരണം</u>:

ജലവിതരണ പൈപ്പുകൾ, റോഡുകൾ, വൈദ്യുതി ലൈനുകൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ നടപ്പാക്കുന്നതിന് അതതു വിഭാഗങ്ങളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

5. <u>സ്ഥാപനങ്ങളുടെ പരിമിതികൾ</u>:

പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് പ്രത്യേക സാങ്കേതിക വിദഗ്ദ്ധരടങ്ങുന്ന കൺസൾട്ടൻസികളും സാങ്കേതിക സേവന ഗ്രൂപ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്